# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ. എസ്. എ/കെ.എൻ.ആർ/സി5/1765/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 18/12/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ. എസ്. എ/കെ.എൻ.ആർ/സി5/1765/23 തീയ്യതി: 18/12/2023

## കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-02-2023 മുതൽ 07-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 55 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 47 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-11-2023 | 18-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2023 | 18-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.സിന്ധു. ടി. പി. ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2.റീന പിട്ടൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.പ്രമോദ്. കെ, ഓഡിറ്റർ
4.നിഖിൽ. കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുശീല. എ. വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. പ്രീജിത്ത്. എൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ശ്രീരാഗ്.എം.പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രസന്നൻ. യു | കൃഷി ഓഫീസർ | 01-04-2022 | 29-07-2022 |
| ശ്രീ. ആദർശ്.കെ | കൃഷി ഓഫീസർ | 30-07-2022 | 31-03-2023 |
| ശ്രീമതി. എ പത്മജ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-05-2022 |
| ശ്രീമതി. ഷൽന എ | ഹെഡ് മിസ്ട്രസ് | 01-06-2022 | 01-07-2022 |
| ശ്രീമതി . ഗീത പി ടി | ഹെഡ് മിസ്ട്രസ് | 05-07-2022 | 31-03-2023 |
| ശ്രീ.രായപ്പൻ സ്റ്റാൻലി | വി ഇ ഒ, പാപ്പിനിശ്ശേരി ഈസ്റ്റ് സർക്കിൾ | 01-04-2022 | 26-11-2022 |
| ശ്രീമതി. കവിത കെ കെ | വി ഇ ഒ,പാപ്പിനിശ്ശേരി ഈസ്റ്റ് സർക്കിൾ | 27-11-2022 | 10-01-2023 |
| ശ്രീമതി.സീമ ഡി | പാപ്പിനിശ്ശേരി ഈസ്റ്റ് സർക്കിൾ | 11-01-2023 | 31-03-2023 |
| ശ്രീമതി അനുശ്രീ സദാനന്ദൻ | വി ഇ ഒ ,പാപ്പിനിശ്ശേരി വെസ്റ്റ് സർക്കിൾ | 01-04-2022 | 26-10-2022 |
| ശ്രീമതി കവിത കെ കെ | വി ഇ ഒ ,പാപ്പിനിശ്ശേരി വെസ്റ്റ് സർക്കിൾ | 01-11-2022 | 31-03-2023 |
| ശ്രീമതി രാജശ്രീ ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 17-01-2023 |
| റംല കക്കുമ്പ്രത്ത് | ഐ സി ഡി എസ് സൂപ്പർവൈസർ | 21-01-2023 | 31-03-2023 |
| ഡോ.കെ. എസ്. സുനിൽ | സീനിയർ വെറ്റിനറി സർജൻ | 01-04-2022 | 22-08-2022 |
| ഡോ.വി. പ്രശാന്ത് | സീനിയർ വെറ്റിനറി സർജൻ | 23-08-2022 | 15-01-2023 |
| ഡോ.അനിൽ കുമാർ ഇ | സീനിയർ വെറ്റിനറി സർജൻ | 16-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. അരുൺ | ഫിഷറീസ് എക്സ്റ്റ് ടെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ സിനാജുദ്ദീൻ പി എച്ച് | ക്ഷീര വികസന ഓഫീസർ | 01-04-2022 | 04-06-2022 |
| ശ്രീമതി ബീന പി വി | ക്ഷീര വികസന ഓഫീസർ | 05-06-2022 | 16-08-2022 |
| ശ്രീ ബോബി ടി ആർ | ക്ഷീര വികസന ഓഫീസർ | 17-08-2022 | 31-03-2023 |
| ശ്രീമതി മിനി. കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ.അനീഷ് ബാബു | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ. ഇ വി സുധീർ | സീനിയർ മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 23-03-2023 |
| ഡോ. രശ്മിത . കെ എം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 24-03-2023 | 31-03-2023 |

ഹെഡ് മാസ്റ്റർ 02.07.22 മുതൽ 04.07,22 വരെ ഒഴിവ് വി ഇ ഒ, പാപ്പിനിശ്ശേരി വെസ്റ്റ് സർക്കിൾ 27.10.22 മുതൽ 31.10.22 വരെ ഒഴിവ് ഐ സി ഡി എസ് സൂപ്പർവൈസർ 18.01.23 മുതൽ 20.01.23 വരെ ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക | 1-1-2 |
| 4 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന തരത്തിൽ രജിസ്റ്ററുകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-3 |
| 5 | സ്വരാജ് ട്രോഫി അവാർഡ് തുകയുടെ വിവരങ്ങൾ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | തൊഴിൽ നികുതി - അഡ്വാൻസ് ക്രമീകരിച്ചതിന്റെ ജേണൽ വൗച്ചറുകളും രേഖകളും ഹാജരാക്കിയിട്ടില്ല | 1-1-5 |
| 7 | ലോൺ ബാധ്യത ഇല്ലാതിരുന്നിട്ടും വികസന ഫണ്ട് അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും കുറവു വരുത്തി | 1-1-6 |
| 8 | ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് തുക ബുക്ക് ചെയ്തില്ല. | 1-1-7 |
| 9 | ഗുണഭോക്തൃ വിഹിതം ഇനത്തിലുള്ള തുകയുടെ കൃത്യത വ്യക്തമല്ല. | 1-1-8 |
| 10 | ചെക്ക് അനിശ്ചിതമായി ക്യാഷാകാതെ തുടരുന്നു | 1-1-9 |
| 11 | Directly Debited By Bank - തുക ക്രമീകരിച്ചിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക നില (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം | 1-6-1 |
| 18 | ക്ഷേമപദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | ഗ്രാമസഭ | 1-10 |
| 22 | കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധനാ വിധേയമാക്കി നികുതി നഷ്ടം ഒഴിവാക്കേണ്ടതാണ് | 1-11 |
| 23 | വസ്തു നികുതി സംബന്ധിച്ച അപാകങ്ങൾ. | 1-12 |
| 24 | നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കി. | 1-12-1 |
| 25 | 60ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങളെ വസ്തു | 1-12-2 |

| | | |
|---|---|---|
| | നികുതിയിൽ നിന്നും ഒഴിവാക്കി. | |
| 26 | നികുതി ഒഴിവ് ബാധകമല്ലാത്ത വിദ്യാഭ്യാസ സ്ഥാപനത്തെ നികുതിയിൽ നിന്നും ഒഴിവാക്കി. | 1-12-3 |
| 27 | മൊബൈൽ ടവറിന് വസ്തു നികുതി ഇളവ് നൽകി. | 1-12-4 |
| 28 | ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല-സാങ്കേതിക പിഴവ് ഐ കെ എമ്മിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. | 1-13 |
| 29 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ ഡിമാൻഡ് ചെയ്യുന്നതിലും ചുമത്തുന്നതിലുമുള്ള അപാകങ്ങൾ. | 1-14 |
| 30 | തനത് വിഭവ സമാഹരണം-പൊതു അവലോകനം | 1-15 |
| 31 | ഡ്രൈവർ -ദൈനംദിന ജോലിയുടെ ഭാഗമായുള്ള യാത്രകൾക്ക് യാത്രാ ബത്ത അനുവദിക്കുന്നത് - ഒഴിവാക്കേണ്ടതാണ് | 1-16 |
| 32 | ഭൂമി തരം മാറ്റൽ-കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും അനുമതി ലഭിക്കുന്നതിന് മുമ്പ് തരംമാറ്റൽ നടപടികൾ ആരംഭിച്ചത് | 1-17 |
| 33 | കണ്ണൂർ വിവര സഞ്ചയിക – പ്രവൃത്തി പൂർത്തീകരണ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-18 |
| 34 | ഐ കെ എം ന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.₹84030 തടസ്സപ്പെടുത്തുന്നു. | 1-19 |
| 35 | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ- കരാറിലേർപ്പെടാതെ തുക മുൻകൂറായി അനുവദിച്ചു.₹419398 തടസ്സപ്പെടുത്തുന്നു. | 1-20 |
| 36 | തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും- സൂപ്പർ വിഷൻ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല - ₹530000 തടസ്സപ്പെടുത്തുന്നു | 1-21 |
| 37 | തെരുവ് നായ നിയന്ത്രണ പ്രവർത്തനങ്ങൾ - മോണിറ്ററിംഗ് രേഖകൾ ഹാജരാക്കിയില്ല.-₹62856 തടസ്സപ്പെടുത്തുന്നു | 1-22 |
| 38 | കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ- മരുന്നുകൾ ലഭ്യമായില്ല-20654/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു | 1-23 |
| 39 | പെയ്ൻ ആൻഡ് പാലിയേറ്റീവ് കെയർ-മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല- ചെലവ് തുക 316366/- രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |
| 40 | കുടുംബശ്രീ ബാലസഭ-സർക്കാർ നിർദ്ദേശം പാലിച്ചില്ല - ₹20000 തടസ്സപ്പെടുത്തുന്നു. | 1-25 |
| 41 | പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക്-അപാകങ്ങൾ.-3876 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 42 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അപാകങ്ങൾ | 1-27 |

| | | |
|---|---|---|
| 43 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-28 |
| 44 | അങ്കണവാടികൾക്ക് വാട്ടർ ടാങ്ക് വിതരണ പദ്ധതി - ഭരണസമിതി അംഗീകരിച്ച നിരക്കിൽ നിന്ന് വ്യത്യസ്തമായി വാങ്ങൽ നടത്തി- 780/- രൂപയുടെ അധികച്ചെലവ് | 1-29 |
| 45 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ-214 രൂപ അധികം നല്കിയത് തിരിച്ചടക്കേണ്ടതാണ് | 1-30 |
| 46 | ഹോമിയോ ആശുപത്രിയിൽ മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല - ₹150282 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 47 | തുരുത്തിക്കൊാവ്വൽ ചെങ്ങിനിവയൽ നടപ്പാത നിർമ്മാണം- നിയമാനുസൃത പിഴ ഈടാക്കാതെ ഫൈനൽ ബിൽ നല്കിയതും മറ്റ് അപാകങ്ങളും-347017/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. | 1-32 |
| 48 | പഞ്ചായത്ത് ഓഫീസ് ബിൽഡിംഗ് അറ്റകുറ്റപ്പണി- കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല | 1-33 |
| 49 | പൊതു ടാപ്പുകളുടെ ഡിസ്കണക്ഷൻ - തുക ഒടുക്കുന്നതിനുള്ള പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ₹76000 തടസ്സപ്പെടുത്തുന്നു. | 1-34 |
| 50 | കരിക്കിൻ കുളം നവീകരണം-അപാകങ്ങൾ-446847/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു | 1-35 |
| 51 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അപാകങ്ങൾ-70000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു | 1-36 |
| 52 | ആട് വളർത്തൽ-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ. | 1-37 |
| 53 | ഗോബർധൻ - ബയോഗ്യാസ് പ്ലാന്റ് നിഷ്ക്രിയമായി തുടരുന്നു. | 1-38 |
| 54 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിലെ അപാകങ്ങൾ-733840രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു, 24000രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-39 |
| 55 | മാലിന്യ സംസ്കരണം - അവലോകനം | 1-40 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | സമഗ്ര പച്ചക്കറി വികസനം വനിതാഗ്രൂപ്പ്-അർഹമായതിൽ കൂടുതൽ തുക നല്കി- 24000രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബലൈസേഷൻ അഡ്വാൻസ് നൽകിയ വിവരങ്ങൾ | 4-4 |
| 5 | വായ്പ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 12-07-2023 തീയതിയിലെ 141/2023 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 13-07-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
18.12.2023.

## 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ്, 62 എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രിക

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (₹2166503) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും

തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും (₹8517472) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന തരത്തിൽ രജിസ്റ്ററുകൾ കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്റ്റർ തുടങ്ങിയവ വാർഷിക ധനകാര്യ പത്രികയിലെ തുകകളെ സാധൂകരിക്കുന്ന തരത്തിൽ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ലാത്തതിനാൽ ഡിപ്രീസിയേഷൻ സംബന്ധിച്ച പരിശോധനയും സാധ്യമായിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകളും ഹാജരാക്കിയിട്ടില്ല.

### 1-1-4 സ്വരാജ് ട്രോഫി അവാർഡ് തുകയുടെ വിവരങ്ങൾ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല

2018-19, 2019-20 വർഷങ്ങളിലെ സ്വരാജ് ട്രോഫി അവാർഡ് തുകയായ ₹50,00,000 ഓഡിറ്റ് വർഷം ലഭിച്ചതിൽ ₹11,60,217 ചെലവഴിച്ചിട്ടുണ്ട്. നീക്കിയിരിപ്പ് ₹3839783. ലഭിച്ച തുക വാർഷിക ധനകാര്യ പത്രികയിലെ I-6 ഷെഡ്യൂളിലെ 160300802 എന്ന കോഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തുകയുടെ വരവ്, ചെലവ് വിവരം Receipt & Payment പത്രികയിലും Balance Sheet ലെ ബി.4 ഷെഡ്യൂളിലും ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-5 തൊഴിൽ നികുതി - അഡ്വാൻസ് ക്രമീകരിച്ചതിന്റെ ജേണൽ വൗച്ചറുകളും രേഖകളും ഹാജരാക്കിയിട്ടില്ല

തൊഴിൽ നികുതി (ട്രേഡേഴ്സ്) ഇനത്തിലുള്ള അഡ്വാൻസ് തുകയിൽ നിന്നും 4,61,720 രൂപ മുൻവർഷങ്ങളിൽ ക്രമീകരിക്കേണ്ടിയിരുന്ന അഡ്വാൻസ് തൻവർഷം ജേണൽ എൻട്രി വഴി ക്രമീകരിച്ചിട്ടുണ്ട്. ആയതിന് അടിസ്ഥാനമാക്കിയ ജേണൽ വൗച്ചറുകളും രേഖകളും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

### 1-1-6 ലോൺ ബാധ്യത ഇല്ലാതിരുന്നിട്ടും വികസന ഫണ്ട് അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും കുറവു വരുത്തി

ലോൺ തുക ഒടുക്കാനില്ലാതിരുന്നിട്ടും വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് – എസ് സി പി എന്നിവ അനുവദിക്കുമ്പോൾ യഥാക്രമം ₹13950, ₹515510 വീതം ഉറവിടത്തിൽ നിന്നും കുറവു വരുത്തിയിട്ടുണ്ട് . ആയത് തിരിച്ചു കിട്ടാനുള്ള തുകയായി ധനകാര്യപത്രികയിലെ B-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. കുറവു വരുത്തിയ തുക തിരികെ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-7 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് തുക ബുക്ക് ചെയ്തില്ല.

1.തൻവർഷം ഡെപ്പോസിറ്റ് പ്രവൃത്തിക്കായി കെ.എസ്.ഇ.ബി ക്ക് മുൻകൂറായി അനുവദിച്ച ₹419398 യുടെ (01/23 തെരുവ് വിളക്കുകൾക്കാവശ്യമായ ലൈൻ വലിക്കൽ) വിവരം ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകയ്ക്കെടുക്കൽ - പ്രോജക്ട് 123/23 പ്രകാരമുള്ള ചെലവ് തുകയിൽ 22100 രൂപയുടെ ചെലവ് ആയതുമായി ബന്ധപ്പെട്ട (251240712-Projects As Per Government Orders - Renting Vehicles For Engineers) ശീർഷകത്തിൽ രേഖപ്പെടുത്താതെ മറ്റൊരു ശീർഷകത്തിലാണ് രേഖപ്പെടുത്തിയത്.

3. ഭൂമി തരം മാറ്റുന്നതിനായി ചെലവഴിച്ച 17,71,929രൂപ ആസ്തിയായി ഉൾപ്പെടുത്തി.

### 1-1-8 ഗുണഭോക്തൃ വിഹിതം ഇനത്തിലുള്ള തുകയുടെ കൃത്യത വ്യക്തമല്ല.

ബി 4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയ ഗുണഭോക്തൃ വിഹിതം ഇനത്തിലുള്ള ₹339309 ഏതൊക്കെ ആവശ്യങ്ങൾക്കായി ഏത് വർഷം പിരിച്ചെടുത്ത തുകയാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

### 1-1-9 ചെക്ക് അനിശ്ചിതമായി ക്യാഷാകാതെ തുടരുന്നു

Other Co-operative Bank (അക്കൗണ്ട് നമ്പർ 122) ന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ₹2,80,000 യുടെ ചെക്ക് ( ചെക്ക് നമ്പർ 609687/31.03.2023 ) നാളിത് വരെ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല. അക്കൗണ്ടിൽ പണമില്ലാതെ ചെക്ക് നല്കിയ കരാറുകാരനെതിരെ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് ഗുരുതരമായ അപാകമാണ്.

### 1-1-10 Directly Debited By Bank - തുക ക്രമീകരിച്ചിട്ടില്ല

അക്കൗണ്ട് നം 36843315358 (SBI)യുമായി ബന്ധപ്പെട്ട റിക്കൺസിലിയേഷൻ പത്രികയിൽ Directly Debited By Bank എന്ന് ഉൾപ്പെടുത്തിയിട്ടുള്ള (31-12-2022 മുതൽ) ₹8,999 നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

## 1-2 ബജറ്റ്

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.03.2022 തീയതിയിലെ 71/22 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 21.03.2023 തീയതിയിലെ 54/2023 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 3,99,26,632 | 3,19,70,151 |
| വരവ് | 16,07,84,000 | 21,09,44,112 |
| ആകെ | 20,07,10,632 | 24,29,14,263 |
| ചെലവ് | 15,43,25,000 | 21,00,47,701 |
| നീക്കിയിരിപ്പ് | 4,63,85,632 | 3,28,66,562 |

## 1-3 സാമ്പത്തിക നില (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,72,49,537 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,00,33,258 |
| ആകെ | 12,72,82,795 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,15,15,786 |
| നീക്കിയിരിപ്പ് | 4,57,67,009 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹24,994 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹32,81,166 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 2,04,28,000 | 2,04,28,000 | 1,86,87,850 | 17,40,150 |
| വികസന ഫണ്ട്-എസ്.സി.പി | - | 66,59,370 | 66,59,370 | 60,92,609 | 5,66,761 |
| മെയിന്റനൻസ് ഫണ്ട് റോഡ് | - | 53,02,000 | 53,02,000 | 52,65,321 | 36,679 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | - | 62,92,000 | 62,92,000 | 62,92,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ബേസിക്ക് | 58,413 | 36,49,258 | 37,07,671 | 35,52,000 | 1,55,671 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 53,29,000 | 53,29,000 | 37,44,540 | 15,84,460 |
| Award And Honours | 20,75,405 | 20,00,000 | 40,75,405 | 20,69,829 | 20,05,576 |

| | | | | | |
|---|---|---|---|---|---|
| എൻ എച്ച് എം | 42,466 | 0 | 42,466 | 0 | 42,466 |
| എസ് എസ് എ | 35,385 | 0 | 35,385 | 0 | 35,385 |
| ഐ സി ഡി എസ് – കേന്ദ്രവിഹിതം | 0 | 15,52,274 | 15,52,274 | 3,64,029 | 11,88,245 |
| ടോട്ടൽ സാനിറ്റേഷൻ | 8,33,545 | 22,735 | 8,56,280 | 0 | 8,56,280 |
| Swachh Bharath Abhiyan | | | | | |
| ലൈബ്രറി ഗ്രാന്റ് | 47,250 | 7000 | 54,250 | 31,400 | 22,850 |
| വിമുക്തി | 13422 | 0 | 13422 | 13422 | 0 |
| ലൈഫ്- സംസ്ഥാന സർക്കാർ വിഹിതം | 340000 | 52,20,000 | 55,60,000 | 49,60,000 | 6,00,000 |
| പി എൻ പണിക്കർ ഫൗണ്ടേഷൻ | 100000 | 0 | 100000 | 0 | 100000 |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ്- സ്റ്റേറ്റ് | 0 | 50,00,000 | 50,00,000 | 11,60,217 | 38,39,783 |
| മുനിസിപ്പൽ കോർപ്പറേഷൻ ഫണ്ട്(നഗരസഞ്ചയ) | 4438 | 22,98,844 | 23,03,282 | 22,98,844 | 4438 |
| ബഡ്സ് സ്കൂൾ വിദ്യാഭ്യാസ ഗ്രാന്റ് | 4,66,950 | 6,02,300 | 10,69,250 | 0 | 10,69,250 |
| സാക്ഷരത | 71,235 | 1733 | 72,968 | 50,000 | 22,968 |
| അദർ ഗ്രാന്റ്സ് ഫണ്ട്സ് കോൺട്രിബ്യൂഷൻസ് | 1,32371 | 0 | 1,32,371 | 1939 | 1,30,432 |
| വാതിൽപ്പടി സേവനം- പ്രവർത്തകരെ ആദരിക്കുന്നതിനായി ലഭിച്ച ഗ്രാന്റ് | 0 | 10,000 | 10,000 | 0 | 10,000 |
| ഹെൽത്ത് ഗ്രാന്റ് | 0 | 5,00,000 | 5,00,000 | 0 | 5,00,000 |
| ഹെൽത്ത് ഗ്രാന്റ്- ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ | 0 | 3,21,402 | 3,21,402 | 2,33,645 | 87,757 |
| ഹെൽത്ത് ഗ്രാന്റ്- കൺവേർഷൻ ഓഫ് റൂറൽ പിഎച്ച് സി ടു വെൽനസ് സെന്റേഴ്സ് | 0 | 1,77,788 | 1,77,788 | 73,522 | 1,04,266 |

## 1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2022-23 | 181 | 151 | 24 | 127 | 30 | 70.17 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 48 | 38 | 1,72,52,284 | 1,14,36,718 | 66.29 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 5 | 26,56,698 | 20,39,360 | 76.76 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 51 | 39 | 2,85,67,296 | 1,60,91,735 | 56.33 |
| 4 | കൃഷി ഓഫീസർ | 13 | 11 | 98,77,845 | 45,66,073 | 46.23 |
| 5 | വി.ഇ.ഒ. പാപ്പിനിശ്ശേരി വെസ്റ്റ് | 8 | 6 | 74,22,382 | 57,22,812 | 77.10 |
| 6 | വി.ഇ.ഒ. പാപ്പിനിശ്ശേരി ഈസ്റ്റ് | 16 | 15 | 3,68,43,406 | 1,77,96,949 | 48.3 |
| 7 | മെഡിക്കൽ ഓഫീസർ CHC | 6 | 6 | 20,66,100 | 16,73,809 | 81 |
| 8 | മെഡിക്കൽ ഓഫീസർ GAD | 2 | 2 | 8,00,000 | 8,00,000 | 100 |
| 9 | വെറ്റിനറി സർജൻ | 5 | 5 | 17,37,400 | 17,37,400 | 100 |
| 10 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 17 | 16 | 86,73,144 | 69,98,326 | 80.69 |
| 11 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 6,50,000 | 6,25,000 | 96.15 |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 26,376 | 24,500 | 92.89 |
| 13 | ഹെഡ് മാസ്റ്റർ | 8 | 6 | 53,57,837 | 49,57,723 | 92.53 |
| | ആകെ | 181 | 151 | 12,19,30,768 | 7,44,70,405 | 61.08 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 5,01,300 | 5,01,300 | 2,03,820 | 2,97,480 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ ചെലവ് ഉൾപ്പെടെ) | 0 | 1,31,25,107 | 1,31,25,107 | 1,31,25,107 | 0 |
| ആകെ | | 1,36,26,407 | 1,36,26,407 | 1,33,28,927 | 2,97,480 |

## 1-6-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം

തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത 43 കുടുംബങ്ങൾ ഉൾപ്പെടെ ആകെ 2017 കുടുംബങ്ങളാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. തൊഴിൽ ലഭിച്ച 607 കുടംബങ്ങളിൽ 218 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നല്കിയിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെട്ട എല്ലാവർക്കും തൊഴിൽ നല്കിയിട്ടുണ്ട്. ആകെ 36100 തൊഴിൽ

ദിനങ്ങളാണ് 2022-23 സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ടത്. പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിനായുള്ള പ്രവൃത്തികളൊന്നും തന്നെ ഓഡിറ്റ് വർഷം നടത്തിയിട്ടില്ല.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 33,38,800 | 220 |
| വിധവാ പെൻഷൻ | 1,71,30,200 | 1248 |
| വാർദ്ധക്യകാല പെൻഷൻ | 4,52,86,200 | 3340 |
| ഭിന്നശേഷി പെൻഷൻ | 50,61,200 | 373 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 20,35,800 | 149 |
| വിവാഹ ധനസഹായം | 1,50,000 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.11.2023 ന് 11.45 Am സമയത്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2428 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സ്റ്റാഫ് മീറ്റിംഗ്

ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്രതിമാസ ഓഫീസ് മീറ്റിംഗുകൾ ചേർന്ന് ഓഫീസ് പ്രവർത്തനം വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്.

2.ഭരണസമിതി മിനുട്സ് പ്രസിഡണ്ടിന്റെ അംഗീകാരത്തിനയക്കാൻ കാലതാമസം വരുത്തുന്നു

ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗങ്ങളുടെ മിനുട്സ് നിലവിൽ സകർമ്മ സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ വഴിയാണ് രേഖപ്പെടുത്തി വരുന്നത്. യോഗങ്ങൾ ചേർന്ന ശേഷം തീരുമാനങ്ങൾ പ്രസിഡണ്ടിന്റെ അംഗീകാരത്തിനയക്കാൻ കാലതാമസം വരുത്തിയിട്ടുണ്ട്. ഇത് 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 26(4), 26(6), 26(8) എന്നിവയുടെ ലംഘനമാണ്.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗം ചേർന്ന തീയതി | തീരുമാനം അംഗീകാരത്തിനയച്ച തീയതി | തീരുമാനം അംഗീകരിച്ച തീയതി |
|---|---|---|
| 03.01.2023 | 07.01.2023 | 07.01.2023 |
| 10.01.2023 | 21.02.2023 | 21.02.2023 |
| 31.01.2023 | 14.03.2023 | 14.03.2023 |
| 15.02.2023 | 03.05.2023 | 03.05.2023 |
| 25.02.2023 | 16.05.2023 | 16.05.2023 |
| 14.03.2023 | 09.06.2023 | 09.06.2023 |
| 18.03.2023 | 22.03.23 | 22.03.23 |
| 21.03.2023 | 03.05.2023 | 03.05.2023 |
| 27.03.2023 | 16.05.2023 | 16.05.2023 |
| 31.03.2023 | 02.09.2023 | 02.09.2023 |

3.വർക്കിംഗ് ഗ്രൂപ്പ് -നിക്ഷിപ്ത ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്

വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതി നിർദ്ദേശങ്ങൾ സംബന്ധിച്ച അജണ്ടകൾ മാത്രമാണുള്ളത്. പദ്ധതി അവലോകനം, മോണിറ്ററിംഗ് ഇവ അജണ്ടയായി ഉൾപ്പെടുത്താനും നിക്ഷിപ്ത ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുമായി വിഷയം അതാത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

4.സാമൂഹ്യ സുരക്ഷാ പെൻഷൻ

പെൻഷനർമാരുടെ അർഹത നഷ്ടപ്പെടുന്ന മുറയ്ക്ക് സസ്പെന്റ് ചെയ്യുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്.

5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. ആസ്തി നിർമ്മാണവും പരിപാലനവുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിർമ്മിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. 2022-23 സാമ്പത്തിക വർഷം എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയ ഭൂരിഭാഗം പ്രവൃത്തികളുടെ വിവരങ്ങളും ആസ്തി രജിസ്റ്ററിൽ വന്നിട്ടില്ല.

2018-19 സാമ്പത്തിക വർഷം പൂർത്തിയാക്കിയ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണവും മെയിന്റനൻസുമായി ബന്ധപ്പെട്ട വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. (നിർമ്മാണച്ചെലവ് – വൈദ്യുതീകരണം ഉൾപ്പെടെ - 29,05,736/- രൂപ 2022-23 സാമ്പത്തിക വർഷം ടാങ്ക് ഉയർത്തുന്നതിനായി നടത്തിയ ചെലവ് 50570/- രൂപ)

2022-23 വരെ കാലികമാക്കിയിട്ടുണ്ടെന്ന സെക്രട്ടറിയുടെ മറുപടി യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല. ആവശ്യമായ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സോളാർ പവർ പ്ലാന്റ്

തെരുവ് വിളക്കുകൾക്കാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി തുരുത്തിയിൽ സ്ഥാപിച്ച സോളാർ പവർ പ്ലാന്റിന്റെ പൂർണ്ണമായ പ്രയോജനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. പ്രതിമാസം ശരാശരി 35,000/- രൂപ തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കി വരുന്നുണ്ട്. സോളാർ വൈദ്യുതി നിലയത്തിൽ നിന്നും ലഭിക്കേണ്ട അത്രയും യൂനിറ്റ് വൈദ്യുതി ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഇല്ലെങ്കിൽ കാരണം എന്തെന്ന് കണ്ടെത്തി പരിഹരിക്കേണ്ടതുമാണ്.

## 1-10 ഗ്രാമസഭ

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും 5/22,8/22,11/22,12/22,3/23 മാസങ്ങളിലായി 5 തവണ ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. വാർഷിക പദ്ധതി 2022-23 ഗുണഭോക്താക്കളെ അംഗീകരിക്കൽ, സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ, ദുരിതാശ്വാസ നിധി ഗുണഭോക്താക്കളെ അംഗീകരിക്കൽ, ശുചിത്വ മാലിന്യ സംസ്കരണം, ലഹരിമുക്ത കാംപെയ്ൻ, ക്യാൻസർ നിയന്ത്രണ ബോധവൽക്കരണം, ജൽജീവൻമിഷൻ പദ്ധതി, വിവിധ ഓഡിറ്റ് റിപ്പോർട്ടുകൾ അംഗീകരിക്കൽ, വാർഷികകണക്കുകൾ അവതരിപ്പിക്കൽ, പദ്ധതി അവലോകനം, 2023-24 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ, ലേബർ ബജറ്റ് അംഗീകരിക്കൽ, മഴക്കാല പൂർവ്വ ശുചീകരണം, തെളിനീരൊഴുകും നവകേരളം- വാർഡ് തല അവലോകനം എന്നിവയാണ് പ്രധാന അജണ്ടകൾ.

ഗ്രാമസഭായോഗങ്ങളുടെ മിനുട്സ് അതാത് ഗ്രാമസഭകളിൽ പങ്കെടുക്കുന്നവരിൽ 15 പേരെങ്കിലും സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തെ ഗ്രാമസഭാ മിനുട്സുകളിലൊന്നും പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

## 1-11 കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധനാ വിധേയമാക്കി നികുതി നഷ്ടം ഒഴിവാക്കേണ്ടതാണ്

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുത്ത വ്യാപാര സ്ഥാപനങ്ങളുടെ കെട്ടിട നമ്പർ സഞ്ചയയിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യത്യസ്തമാണെന്ന് കണ്ടു.

ടി കെട്ടിടങ്ങളുടെ ഉപയോഗക്രമവുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക്(12/09.11.2023) നൽകിയ മറുപടി ചുവടെ കൊടുക്കുന്നു

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സ്ഥാപന വിവരം | വാർഡ്/കെട്ടിട നമ്പർ | സഞ്ചയയിൽ രേഖപ്പെടുത്തിയ ഉപയോഗ ക്രമം | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|---|---|
| 1 | 376 | ലീന സന്തോഷ് | നൈസ ബ്യൂട്ടിപാർലർ | 6/11 | പാർപ്പിടാവശ്യം | KPBR Rule 25(2) Group A1 ഒക്കുപ്പൻസിയിൽ ഉൾപ്പെടുത്തിയ റസിഡൻസ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ബിൽഡിങ്ങിൽ ബ്യൂട്ടീഷ്യൻ പ്രവൃത്തി ആകാമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. |
| 2 | 246 | കെ. എൻ ജുനൈദ് | എക്സി സെറാമിക്സ് ടൈൽസ് | 12/69 | വ്യവസായത്തിനാവശ്യമുള്ളവ - കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | മേൽ കെട്ടിടത്തിലെ പ്രവൃത്തി ഇഷ്ടിക നിർമാണവുമായി ബന്ധപ്പെട്ടതാണ് |
| 3 | 244 | കെ. എൻ ജുനൈദ് | ടൈൽസ് ആൻഡ് സാനിറ്ററി വെയർ | 12/67 | " | " |
| 4 | 478 | എം.ടി അബ്ദുൾ മജീദ് | അൽ അമീൻ ചിക്കൻ സ്റ്റാൾ | 17/413 | സഞ്ചയയിൽ ലഭ്യമല്ല | ലൈസൻസ് അനുവദിച്ച കെട്ടിട നമ്പർ 13/313 ആണ്. |

വസ്തു നികുതി നിർണ്ണയിക്കപ്പെടുന്നതിലേക്കായി എല്ലാ കെട്ടിടങ്ങളും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പറയുന്ന ഉപയോഗക്രമത്തിനനുസരിച്ച് തരം തിരിക്കപ്പെടേണ്ടതാണ്.
ക്രമ നം.1 മറുപടിയിൽ പറയുന്ന ചട്ടം ബിൽഡിങ് നിർമ്മാണവുമായി ബന്ധപ്പെട്ടതാണ്. കൂടാതെ സഞ്ചയ പ്രകാരം കെട്ടിട ഉടമയുടേതല്ല പ്രസ്തുത വാണിജ്യ സ്ഥാപനം. മറുപടി തൃപ്തികരമല്ല.
ക്രമ നമ്പർ 4 ന നൽകിയ മറുപടിയിൽ പരാമർശിച്ച കെട്ടിട നമ്പർ 13/313 പാർപ്പിടാവശ്യത്തിനുള്ളതാണ്. (സഞ്ചയയിൽ രേഖപ്പെടുത്തിയത് പ്രകാരം). ആയതിനാൽ പ്രസ്തുത മറുപടിയും തൃപ്തികരമല്ല.
മേൽ പരാമർശിച്ച മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗക്രമത്തിന്റെ നിജസ്ഥിതി ഫീൽഡ് പരിശോധനയിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ മാറ്റങ്ങൾ സഞ്ചയ പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്ന മുറയ്ക്ക് ചെയ്യേണ്ടതും ഉപയോഗക്രമത്തിനനുസരിച്ചുള്ള വസ്തു നികുതി പിഴപ്പലിശ സഹിതം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-12 വസ്തു നികുതി സംബന്ധിച്ച അപാകങ്ങൾ.

വസ്തു നികുതിയുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ്‌വെയർ, അസ്സസ്സ്മെന്റ് രജിസ്റ്റർ തുടങ്ങിയവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

### 1-12-1 നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കി.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207-ൽ വസ്തുനികുതി ഒഴിവാക്കി നൽകാവുന്ന കെട്ടിടങ്ങളെകുറിച്ച് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി ഒഴിവ് ബാധകമല്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതിയും ഒഴിവാക്കി നൽകിയിട്ടുണ്ട്.
നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി ഒഴിവാകാനുള്ള കാരണം സഞ്ചയയിൽ ചേർത്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ/ ഉടമയുടെ പേര് | തറ വിസ്തീർണം (ചതുരശ്ര മീറ്ററിൽ) |
|---|---|---|---|
| 1 | 4/467 | സെകട്ടറി. ഹിദായത്തുൽ ഇസ്ലാം സംഘം | 80 (താഴത്തെ നില), 80(ഒന്നാം നില) |
| 2 | 9/353 | കെ.പി.നജീബ്, സി.എച്ച്.മറിയാബി | 130.24(താഴത്തെ നില) |

| | | | |
|---|---|---|---|
| 3 | 12/185 | അറ്റോർണി സി എസ് ഐ ട്രസററ് അസോസിയേഷൻ | 81(താഴത്തെ നില),54(ഒന്നാം നില) |
| 4 | 12/654 | സെക്രട്ടറി പാറക്കൽ സ്വാമി | 225(താഴത്തെ നില) |
| 5 | 13/292 | കെ.നാരായണൻ (സെക്രട്ടറി സി.പി.ഐ.എം പാപ്പിനിശ്ശേരി ലോക്കൽ കമ്മറ്റി, എ.കെ.ജി. സെൻറർ പാപ്പിനിശ്ശേരി) | 195(താഴത്തെ നില),195(ഒന്നാം നില) |
| 6 | 13/388A | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റി, കണ്ണൂർ | 10(താഴത്തെ നില) |
| 7 | 16/744 | ഇ.എസ്.ഐ കോർപ്പറേഷൻ | 800 (താഴത്തെ നില) |
| 8 | 16/753 | സ്റ്റേറ്റ് ഇൻഷൂറൻസ് കോർപ്പറേഷൻ | 200 (താഴത്തെ നില) |

മേൽ പരാമർശിച്ച കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയതിന്റെ കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്
( നം.11/09.11.23) ടി കെട്ടിടങ്ങൾ വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ചതാണെന്നും അടിസ്ഥാന വസ്തു നികുതി പൂജ്യമായതിനാലാണ് വസ്തു നികുതിയിൽ മാറ്റം വരുത്താതിരുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്.
മേൽ പരാമർശിച്ച മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന നടത്തി കൂട്ടിയെടുപ്പുകളോ മറ്റേതെങ്കിലും തരത്തിലുള്ള മാറ്റങ്ങളോ ഉണ്ടായിട്ടുണ്ടോ എന്ന് കണ്ടെത്തേണ്ടതും നികുതി ഒഴിവാകാനുള്ള യഥാർത്ഥ കാരണം പരിശോധിക്കേണ്ടതുമാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ പ്യൂരിഫിക്കേഷൻ നടത്തുന്നതിനുള്ള പ്രൊവിഷൻ ലഭ്യമാകുന്ന മുറക്ക് ആവശ്യമായ മാറ്റം വരുത്തി വസ്തു നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12-2 60ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള പാർപ്പിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി.

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ള ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്സ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചതിൽ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|
| 1 | 8/198 | 70 (താഴത്തെ നില) | സി യശോദ | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 9/214 | 63 (താഴത്തെ നില) | ജബ്ബാർ മാവിലക്കണ്ടി, ചെറിയാണ്ടിലകത്ത് കദീജ | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 11/172 | 75 (താഴത്തെ നില), 25( ഒന്നാം നില) | പണ്ണേരി നാരായണൻ | രേഖപ്പെടുത്തിയിട്ടില്ല |
| 4 | 15/310 | 66 (താഴത്തെ നില) | നാടാച്ചേരി അമ്മാളു | രേഖപ്പെടുത്തിയിട്ടില്ല |

മേൽ പരാമർശിച്ച പാർപ്പിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയതിന്റെ കാരണം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നം.11/09.11.23) ടി കെട്ടിടങ്ങൾ വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ചതാണെന്നും അടിസ്ഥാന വസ്തു നികുതി പൂജ്യമായതിനാലാണ് വസ്തു നികുതിയിൽ മാറ്റം വരുത്താതിരുന്നതുമുള്ള മറുപടി നൽകി.മേൽ പരാമർശിച്ച മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ പ്യൂരിഫിക്കേഷൻ ഓപ്പണാവുന്നമുറയ്ക്ക് ആവശ്യമായ മാറ്റം വരുത്തേണ്ടതും കുടിശ്ശിക സഹിതം വസ്തു നികുതി ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-12-3 നികുതി ഒഴിവു ബാധകമല്ലാത്ത വിദ്യാഭ്യാസ സ്ഥാപനത്തെ നികുതിയിൽ നിന്നും ഒഴിവാക്കി.

ജാമിയ അസദിയ ഇസ്ലാമിക് അറബിക് കോളേജ്, 19/134 എന്ന സ്ഥാപനത്തെ വിദ്യാഭ്യാസ സ്ഥാപനം-സർക്കാർ (സെ. 207 (1 (ബി) ) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി

നികുതി ഒഴിവാക്കിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207 [1 (ബി)] പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർ സെക്കണ്ടറിതലം വരെയുള്ളതുമായ വിദ്യാഭ്യാസാവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയുമാണ് നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.11/09.11.23) ഇളവ് അനുവദിച്ചതുമായി ബന്ധപ്പെട്ട വിവരം പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കുമെന്ന മറുപടി ലഭ്യമാക്കി. അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-12-4 മൊബൈൽ ടവറിന് വസ്തു നികുതി ഇളവ് നൽകി.

ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ് 4/1/TCT എന്ന മൊബൈൽ ടവറിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ നികുതി ഡിമാൻഡ് ചെയ്തിട്ടും ലഭ്യമാകാത്തതിനും 2020-21, 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ നിന്നും നികുതി ഒഴിവാക്കിയതിനുമുള്ള കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.11/09.11.23) പ്രസ്തുത സ്ഥാപനം നികുതി അടക്കാത്തതുമായി ബന്ധപ്പെട്ട് പ്രോസിക്യൂഷൻ ഫയൽ ചെയ്ത് കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടെന്ന് മറുപടി അറിയിച്ചു. കേസുമായി ബന്ധപ്പെട്ട തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13 ബഹുനില വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി- തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല-സാങ്കേതിക പിഴവ് ഐ കെ എമ്മിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്താവുന്നതാണെന്നും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്നും നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിനെ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ തറ വിസ്തീർണം 250 ച.മീ-ൽ അധികം വരികയാണെങ്കിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ്(2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സാർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം) വസ്തു നികുതി നിർണയത്തിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം ചില കെട്ടിടങ്ങളുടെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നമ്പർ/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ.) |
|---|---|---|
| ഇട്ടോൽ സുബൈദ ഷാഫി | 18/317 A, B, C, D, E, F, G, H,I, J, K, L | 694.8 |
| പുതിയേരിയിൽ പ്രശാന്തൻ, ശ്രീജിത്ത് വെള്ളുവവീട്ടിൽ | 2/37 A, B, C, D, E, F, G, H,I, J, K, L | 270.93 |

തറ നിർമ്മിതിക്ക് ഉപയോഗിച്ചത് മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ തുടങ്ങി ഉയർന്ന മൂല്യമുള്ള സാധനങ്ങൾ എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നിരിക്കെ വർധനവ് വരുത്താതിരുന്നതിന് വിശദീകരണം

ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.10/09.11.23) കെട്ടിടങ്ങൾക്ക് നികുതിയിൽ 15% വർദ്ധനവ് സഞ്ചയയിൽ വരാത്തത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നല്കുന്നതാണെന്നുള്ള മറുപടി നൽകി.

100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിനെ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളുടെ തറ വിസ്തീർണം 250 ച.മീ-ൽ അധികം വരികയാണെങ്കിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് വരുത്തേണ്ടതുമാണ്. ടി സൗകര്യം സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിന് ഐ കെ എം ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ ചെയ്യേണ്ടതാണ്.

## 1-14 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീ ഡിമാൻഡ് ചെയ്യുന്നതിലും ചുമത്തുന്നതിലുമുള്ള അപാകങ്ങൾ.

A.ലൈസൻസ് ഫീ നിർണയത്തിലെ അപാകങ്ങൾ

31.10.2017ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ (സ ഉ (പി) നം 80/2017/ തസ്വഭവ പ്രകാരം പുറപ്പെടുവിച്ചത്) ചട്ടം 7, പട്ടിക II പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കുന്നതിനായി/പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപത്തിന് പകരം ഒരു ദിവസത്തെ വിറ്റു വരവാണ് രേഖപ്പെടുത്തിയത്. ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിർണയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.17/10.11.23)ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻ ഫീൽഡ് പരിശോധന നടത്തി അപേക്ഷകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ വർദ്ധനവ് വരുത്താറുണ്ടെന്നും അല്ലാത്തവ നിലവിലുള്ള നിരക്കിൽ പുതുക്കി നൽകുകയാണ് ചെയ്യുന്നതെന്നുമുള്ള മറുപടി ലഭ്യമാക്കി. അപേക്ഷകളിൽ രേഖപ്പെടുത്തിയ മൂലധന നിക്ഷേപം തെറ്റാണെന്ന് ബോധ്യപ്പെടുന്ന മുറയ്ക്ക് ആയത് ഫീൽഡ് പരിശോധന നടത്തി അന്വേഷണ റിപ്പോർട്ടിൽ മാറ്റം വരുത്തി ഏത് ഗണത്തിൽപ്പെടുന്നതാണോ അതിനനുസൃതമായ ലൈസൻസ് ഫീ ഈടാക്കുന്നതിന് അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്. കൂടാതെ ലൈസൻസ് പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായിപ്പോകാതിരിക്കുവാൻ ആവശ്യമെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതുമാണ്.

B. വിവാഹാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഓഡിറ്റോറിയങ്ങൾ ലൈസൻസ് എടുക്കുന്നില്ല.

പാപ്പിനിശ്ശേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയം, മാങ്കടവ് മുസ്ലിം ജമാഅത്ത് കമ്മിറ്റി ഹാൾ എന്നീ ഓഡിറ്റോറിയങ്ങളിൽ 2022-23 കാലയളവിൽ വിവാഹ ചടങ്ങുകൾ നടന്നതായി വിവാഹ രജിസ്ട്രേഷൻ രേഖകളിൽ കാണുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടാത്ത പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.17/10.11.23) പാപ്പിനിശ്ശേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയം കൺസേർട്ട് ഹാൾ ആയാണ് പ്രവർത്തിക്കുന്നതെന്നും മാങ്കടവ് മുസ്ലിം ജമാഅത്ത് കമ്മിറ്റി ഹാൾ ലൈസൻസ് എടുത്തിട്ടില്ലായെന്നും ലൈസൻസ് എടുക്കുന്നതിനുള്ള നിർദ്ദേശം നല്കുന്നതാണെന്നുമുള്ള മറുപടി നല്കിയിട്ടുണ്ട്. ലൈസൻസെടുക്കാത്ത പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

ഇത്തരം സ്ഥാപനങ്ങളെ ഡാറ്റ ബേസിൽ ഉൾപ്പെടുത്തേണ്ടതും ലൈസൻസ് ഫീ ഈടാക്കി വരവു നഷ്ടം ഒഴിവാക്കേണ്ടതുമാണ്. നിയമാനുസൃത മാനദണ്ഡങ്ങൾ പാലിച്ചല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-15 തനതു വിഭവ സമാഹരണം-പൊതു അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് തനത് വിഭവസമാഹരണം അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി, ലൈസൻസ് എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതിനികുതിയേതര വരവുകളുടെ ശോഷണത്തിന് ഇടയാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവുണ്ടായിട്ടില്ല. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് സമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (Own Source Revenue) സംബന്ധിച്ച നിലവിലെ സ്ഥിതികൾ അവലോകനം നടത്തിയതിന്റെയടിസ്ഥാനത്തിലുള്ള തനത് വരുമാന

വർദ്ധവിനുള്ള നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

വസ്തുനികുതിഃ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്ക് 2011 ജനവരി 14 മുതലും നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകമൂല്യത്തിന്റെയടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിരുന്നവ) 2013 ഏപ്രിൽ 1 മുതലുമാണ് വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 203 പ്രകാരം സർക്കാർ നിശ്ചയിച്ച ഏറ്റവും കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്ക് അവ നിലവിൽ വന്ന തീയതി മുതൽ അഞ്ച് വർഷക്കാലമാണ് പ്രാബല്യമുണ്ടായിരുന്നത്. അടുത്ത അഞ്ച് വർഷക്കാലത്തേക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകളും നിരക്കുകളുടെ പരിധികളും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതായിരുന്നു. ഇതു പ്രകാരം 2018-19 (01-04-2018 പ്രാബല്യത്തിൽ) സാമ്പത്തിക വർഷം മുതൽ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വരേണ്ടതായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച സർക്കാരിന്റെ 22-03-2023 തീയതിയിലെ സ.ഉ.(കൈ)നമ്പർ.77/2023/തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 01-04-2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ.(അച്ചടി)25/23 05-04-2023 തീയതിയിലെ ഗസറ്റ് വിജ്ഞാപനപ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് കൊണ്ടും മേഖലകൾ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകൾ എന്നിവ പുതുക്കി നിശ്ചയിച്ചും ഭരണസമിതിയുടെ 12-07-2023 തീയതിയിലെ 148/2023 നമ്പർ തീരുമാനപ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയയിൽ പുതിയ നിരക്ക് ലഭ്യമല്ലാത്തതിനാൽ പഴയ നിരക്കിലാണ് ഇപ്പോഴും വസ്തു നികുതി ഈടാക്കുന്നതെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.2/08.11.23) മറുപടി നൽകി. ഒട്ടുമിക്ക കെട്ടിടങ്ങൾക്കും ഉപവിഭാഗങ്ങൾക്കും കൂടിയ നിരക്ക് തന്നെ അന്തിമ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സേവന ഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല.

വരവിനങ്ങളിലെ കുടിശ്ശിക വിവരവും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന കുടിശ്ശിക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. വാണിജ്യ കെട്ടിടങ്ങളിലെയും വാസഗൃഹങ്ങളുടെയും നിയമാനുസൃതം ഒഴിച്ചിടേണ്ട മുൻവശത്തെ ഉറസായ സ്ഥലങ്ങൾ ചട്ടവിരുദ്ധമായി കെട്ടിയടച്ച് നടത്തുന്ന നിർമാണങ്ങൾ പൊളിച്ചു നീക്കുന്നതിനുള്ള നോട്ടീസ് നൽകിയതായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും 9 ബി ഫോറത്തിൽ ലഭിച്ച അപേക്ഷകളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ ഊരാളുങ്കൽ സൊസൈറ്റി മുഖേന നടത്തിയ സർവ്വേ പ്രകാരം ലഭിച്ച ഡാറ്റയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ് എന്നും അറിയിച്ചിട്ടുണ്ട്.

അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അന്തിമമാക്കി സഞ്ചയയിൽ ഉൾപ്പെടുത്തുന്ന തീയതിക്ക് മുൻപ് പഴയ നിരക്കുകളുടെയടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയ മുഴുവൻ പുതിയ കെട്ടിടങ്ങളുടെയും നികുതി പരിഷ്കരിക്കേണ്ടതും നികുതി വ്യത്യാസം ക്രമീകരിക്കേണ്ടതുമാണ്. ഇക്കാര്യം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

വസ്തുനികുതി - സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലെ വീഴ്ച.

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 207-ാം വകുപ്പ് പ്രകാരം സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് പ്രസ്തുതകെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവനഉപനികുതി ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് ഇത്തരം സേവനങ്ങൾക്കായി ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നുണ്ടെങ്കിലും വസ്തുനികുതിയിൻമേൽ സേവനഉപനികുതി നിശ്ചയിച്ച് ചുമത്തിയിട്ടില്ല. 2023-24 പ്രാബല്യത്തിൽ നടപ്പിലാക്കുന്ന വസ്തുനികുതി പരിഷ്കരണത്തിലും സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന് ചുമത്താവുന്ന സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ലഭിക്കുന്ന സേവനം | നിരക്ക് (കെട്ടിടത്തിന്റെ വസ്തുനികുതിയുടെ ശതമാനം) |
|---|---|---|
| 1 | ശുചിത്വപരിപാലനം | 4 |

| | | |
|---|---|---|
| 2 | ജലവിതരണം | 3 |
| 3 | തെരുവ് വിളക്കുകൾ | 2 |
| 4 | ഡ്രെയിനേജ് | 1 |

ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് സേവനഉപനികുതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിന് കെട്ടിട ഉടമകളോട് ആവശ്യപ്പെട്ടത് പ്രകാരം 9ബി ഫോറത്തിൽ 391 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുണ്ട്. അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235എഎ പ്രകാരം യു എ നമ്പർ നൽകി വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാകൂ. അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലുണ്ടാകുന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുന്നതിനിടയാക്കുന്നുണ്ട്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

തൊഴിൽനികുതി:

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം വ്യക്തികൾ, സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കുവാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ എർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ, എൻജിനീയർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ, കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഡാറ്റാബേസിന്റെ അഭാവത്തിൽ തൊഴിൽ നികുതി ചുമത്തിയതിലെയും ഈടാക്കിയതിലെയും കൃത്യത ഉറപ്പ വരുത്താനായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും തൊഴിൽ നികുതി ഡാറ്റാ ബേസിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മാത്രമല്ല സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകളിൽ രേഖപ്പെടുത്തിയ അർദ്ധ വാർഷിക വരുമാനവും തൊഴിൽ നികുതിയും ശരിയായ രീതിയിൽ പരിശോധനയ്ക്ക് വിധേയമാക്കാത്തത് കാരണം നികുതിയീടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതുമാണ്.

എഫ് ടി ഇ & ഒ എസ് ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേനയുടെ സേവനം പ്രയോജനപ്പെടുത്തിയും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനയിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അംഗീകാരം വാങ്ങേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത ഇത സംബന്ധിച്ച രേഖകൾ പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTE & OS ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണസ്ഥാപനത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ:

1.കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. സഞ്ചയയിൽ തെറ്റായ രേഖപ്പെടുത്തലുകൾ വരുത്തി നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം കൂടി

പരിശോധിച്ച് ഉറപ്പ് വരുത്താവുന്നതാണ്.
3.ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. നികുതി നിർണ്ണയ പരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.
4. വസ്തുനികുതി കൃത്യമായി നിർണ്ണയിക്കുന്നതിന് ജി.ഐ.എസ്. അധിഷ്ഠിത വിവര സങ്കേതങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.
5. വാണിജ്യ പ്രാധാന്യമുള്ള പ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്ഥലം ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ പാട്ടത്തിന് നല്കി വരുമാനം വർധിപ്പിക്കാവുന്നതാണ്.
6. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.
7. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
8. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.
9.സേവനഉപനികുതി ചുമത്തുവാനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.
മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിക്കുന്നതിനും തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാനവർദ്ധനവിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ.(കൈ).നം.84/22/തസ്വഭവ തീയതി 19/04/2022 ഉത്തരവ് ഖണ്ഡിക 5.1-ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-16 ഡ്രൈവർ -ദൈനംദിന ജോലിയുടെ ഭാഗമായുള്ള യാത്രകൾക്ക് യാത്രാ ബത്ത അനുവദിക്കുന്നത് - ഒഴിവാക്കേണ്ടതാണ്

സർക്കാർ വകുപ്പുതല ഡ്രൈവർമാർ ദൈനം ദിന ജോലിയുടെ ഭാഗമായി വാഹനമോടിക്കുമ്പോൾ യാത്രാബത്ത അനുവദനീയമല്ല. എന്നാൽ സർക്കാർ വാഹനം ദീർഘദൂരം ഓടിക്കേണ്ടി വരുമ്പോൾ ഹാൾട്ടിന് യാത്രാ ബത്ത (ഇൻസിഡന്റൽ എക്സ്പെൻസ്) ദിനബത്ത എന്നിവ കെഎസ് ആർ ഭാഗം II ലെ ചട്ടങ്ങൾ അനുസരിച്ച് അനുവദിക്കാവുന്നതാണ്. എന്നാൽ സ്ഥാപനത്തിലെ ഡ്രൈവർ ആയ ശ്രീ ബാലൻ എ വി ഒക്ടോബർ/21 മുതൽ മുതൽ മാർച്ച്/22 വരെയുള്ള മാസങ്ങളിൽ നടത്തിയ ഹാൾട്ട് ഇല്ലാത്ത യാത്രകൾക്ക് താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ യാത്രാബത്ത അനുവദിച്ചതിന്റെ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സർക്കാർ ജീവനക്കാരൻ എന്ന നിലയിലാണ് യാത്രാ ബത്ത അനുവദിച്ചതെന്ന മറുപടിയാണ് നൽകിയത്.
സർക്കാർ വകുപ്പ് തല ഡ്രൈവർമാർ ദൈനം ദിന ജോലിയുടെ ഭാഗമായി വാഹനമോടിക്കുമ്പോൾ യാത്രാബത്ത അനുവദനീയമല്ലെന്നും ഹാൾട്ട് വരുന്ന അവസരങ്ങളിൽ യാത്രാബത്ത കെഎസ് ആർ ഭാഗം II ലെ ചട്ടങ്ങൾ അനുസരിച്ച് അനുവദിക്കാവുന്നതാണെന്നും സർക്കാർ 27.10.2022 ലെ 2204261/വ്യയം-സി1/102/2022-ധന നമ്പർ കത്തിലൂടെ കണ്ണൂർ ജില്ലാ പഞ്ചായത്തിന് സ്പഷ്ടീകരണം നൽകിയിട്ടുള്ള സാഹചര്യത്തിൽ ഇത്തരത്തിൽ യാത്രാബത്ത അനുവദിക്കുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

| വൗച്ചർ നമ്പർ,തീയതി | തുക |
|---|---|
| 22200709/27.09.22 | 1750 |
| 22200710/27.09.22 | 2605 |
| 22200110/28.04.22 | 1050 |
| 22200109/28.04.22 | 350 |

| | |
|---|---|
| 22200108/28.04.22 | 875 |
| ആകെ | ₹6630 |

## 1-17 ഭൂമി തരം മാറ്റൽ-കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും അനുമതി ലഭിക്കുന്നതിന് മുമ്പ് തരംമാറ്റൽ നടപടികൾ ആരംഭിച്ചത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജ്കട് നമ്പർ പേര് | 210/23, ഭൂമി തരം മാറ്റൽ |
| അടങ്കൽ | ₹17,71,929(തനത് ഫണ്ട്) |
| ചെലവ് തുക/ബിൽ നം /തിയ്യതി | ₹1771929/271/02.02.23 |

30.03.22 തിയ്യതിയിലെ ജി ഒ (ആർ ടി) നം. 85/2022/S&YA നമ്പർ ഉത്തരവ് പ്രകാരം പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1.55 ഏക്കർ സ്ഥലത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് 4,89,40,300 രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം നിലം ഗണത്തിൽപ്പെട്ടതായതിനാൽ ആയത് തരം മാറ്റുന്നതിനുള്ള ഫീസിനത്തിൽ തുക ഒടുക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. സ്ഥലം തരം മാറ്റുന്നതിന് തളിപ്പറമ്പ് ആർ ഡി ഒ ക്ക് അപേക്ഷ നൽകുകയും ആയതിനായി ആർ ഡി ഓ ആവശ്യപ്പെട്ടതു പ്രകാരം 17,71,929 രൂപ 0029-00-800-88-00-00-00-NV എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് അടവാക്കുകയും ചെയ്തതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

റീസ 194/1 ൽ ഉൾപ്പെട്ട സ്ഥലം തീരദേശ നിയന്ത്രണ മേഖല CRZ- 1 A ഗണത്തിൽപെട്ടതിനാൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും അനുമതി ആവശ്യമാണെന്നും അല്ലാത്തപക്ഷം ഭൂമി തരം മാറ്റുന്നതിനുള്ള തുക ഒടുക്കുന്നത് പാഴ്ചെലവായി മാറാൻ സാധ്യത ഉണ്ടെന്നും തുക കൈമാറുന്നതിന് മുമ്പായി അനുമതി ലഭ്യമാക്കേണ്ടതാണ് എന്നും സെക്രട്ടറി 21.12.2022 ലെ ഭരണസമിതിയോഗത്തിൽ വിയോജനകുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭരണസമിതിയുടെ 290/22 നമ്പർ തീരുമാന പ്രകാരം ആയത് പരിഗണിക്കാതെ പദ്ധതിയുമായി മുന്നോട്ടു പോകാൻ തീരുമാനിച്ചു. 26.12.2022 ലെ ഭരണസമിതി യോഗത്തിൽ തീരുമാനം പുനപ്പരിശോധിക്കണമെന്ന അജണ്ട സെക്രട്ടറി ഉൾപ്പെടുത്തിയെങ്കിലും 298/22 നമ്പർ തീരുമാന പ്രകാരം പുനപ്പരിശോധിക്കേണ്ടതില്ല എന്ന് ഭരണസമിതി തീരുമാനമെടുക്കുകയും വിയോജനകുറിപ്പ് സർക്കാറിലേക്ക് അറിയിക്കാൻ തീരുമാനിക്കുകയും ചെയ്തു. സർക്കാറിലേക്കയച്ച വിയോജനക്കുറിപ്പിന് (കത്ത് നം. എസ് സി2-3770/2022/27.12.22) മറുപടി ലഭിക്കാത്തതിനാൽ പദ്ധതി തുടരാൻ തീരുമാനിക്കുകയുണ്ടായി.

കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും അനുമതി ലഭിക്കാതെ തന്നെ 1771929 രൂപ ചലാൻ നം 7608/23.01.23 പ്രകാരം തളിപ്പറമ്പ റവന്യൂ ഡിവിഷൻ ഓഫീസർക്ക് നല്കുകയും ഭൂമി തരം മാറ്റിക്കിട്ടുകയും ചെയ്തിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/15.11.23) നിർമ്മാണത്തിന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും അനുമതി ലഭിക്കുന്നതിനായി അപേക്ഷ നൽകുന്നതിനായി നിർമ്മാണത്തിനാവശ്യമായ പ്ലാൻ, പ്രൊപ്പോസൽ എന്നിവ ലഭ്യമാക്കുന്നതിനായി സ്പോർട്സ് & യൂത്ത് അഫയർസ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട് (കത്ത് നം എസ് സി 2-7559/2023/16.11.2023) എന്നാണ് അറിയിച്ചത്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-18 കണ്ണൂർ വിവര സഞ്ചയിക – പ്രവൃത്തി പൂർത്തീകരണ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നം/പേര് | 132/23 കണ്ണൂർ വിവര സഞ്ചയിക |
| അടങ്കൽ<br>ആകെ : ₹1650000 | ₹50000(തനത് ഫണ്ട്)<br>₹1600000(സംരക്ഷണ ഗ്രാന്റ് റോഡിതരം) |
| ചെലവ് | ₹1590220(സംരക്ഷണ ഗ്രാന്റ് റോഡിതരം) |
| തുക/ബിൽനമ്പർ,തീയതി | ₹329980/234/18.01.23<br>₹477900/348/16.03.23<br>₹354000/400/25.03.23<br>₹428340/401/25.03. 23<br>ആകെ 1590220 |

സർക്കാർ ഉത്തരവുകൾ ജി ഒ (ആർ.ടി) 687/2016/ത.സ്വ.ഭ.വ തീയതി 19.02.2016, ജി ഒ (ആർ.ടി) 2556/2018/ ത.സ്വ.ഭ.വ തീയതി 04-10-2018 എന്നിവ പ്രകാരം പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ ജി ഐ എസ് മാപ്പിംഗ് പ്രവൃത്തികൾ ഉൾപ്പടെയുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഊരാളുങ്കൽ ലേബർ കേൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ₹2599800 ക്ക് 05.01.23 ന് കരാറിലേർപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം പ്രകാരം ജി ഐ എസ് മാപ്പിംഗ് പ്രവൃത്തി ഐ.കെ.എം സൂപ്പർവൈസ് ചെയ്യേണ്ടതാണ്. ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാൻ സാധിക്കുന്ന വിധത്തിൽ വേണം ജി ഐ എസ് മാപ്പിംഗ് നടത്താൻ. പ്രോപ്പർട്ടി അസസ്മെന്റിന് ജി ഐ എസ് മാപ്പിംഗ് ഉപകരിക്കണം, തദ്ദേശ സ്ഥാപന തലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ കൂടി മാപ്പിംഗ് പരിധിയിൽ കൊണ്ടുവരണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പ്രവൃത്തിക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് (ULCCS)നാളിതു വരെ 1590220/- രൂപ അനുവദിച്ചിട്ടുണ്ട്. മൊബിലൈസേഷൻ അഡ്വാൻസായി ₹329980 യും Base Map, Drone Surveyഎന്നീ പ്രവൃത്തികൾ പൂർത്തിയായതിന് ശേഷം ₹477900 യും Data Analysis Dashboardand Web Portal, Building Property Survey എന്നിങ്ങനെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ശേഷം യഥാക്രമം ₹354000, ₹428340 യും അനുവദിക്കുകയാണുണ്ടായത്. പ്രവൃത്തിപുരോഗതിയുമായി ബന്ധപ്പെട്ട് രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/15.11.23) ന് ചെലവ് തുകക്ക് അനുസൃതമായി ഓരോഘട്ടത്തിലും നടപ്പിലാക്കിയ പ്രവൃത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതാണെന്നും പ്രവൃത്തി അന്തിമ ഘട്ടത്തിലാണെന്നും അറിയിച്ചിട്ടുണ്ട്. 18.09.23 ലെ എസ് സി 5- 3676/2023 നമ്പർ കത്തിലൂടെ IKM ഡവലപ്പ് ചെയ്ത സഞ്ചയ സോഫ്റ്റ് വെയറുമായി ബന്ധപ്പെടുത്തുന്ന പ്രവൃത്തികൾ ഇതേവരെ ആരംഭിച്ചിട്ടില്ലെന്നും ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് മേൽ സൊസൈറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. സ.ഉ (കൈ) 84/2022 /ത.സ്വ.ഭ.വ/19.04.2022 ഖണ്ഡിക 6.8.1 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാവുന്നതിന് റോഡിതര സംരക്ഷണ ഗ്രാന്റ് ഉപയോഗിക്കാവുന്നതാണെങ്കിലും പാർപ്പിടാവശ്യത്തിനും വാണിജ്യാവശ്യത്തിനുമുള്ള കെട്ടിടങ്ങളുടെ വിവര ശേഖരണത്തിന് പ്രസ്തുത ഫണ്ട് ഉപയോഗിക്കാവുന്നതല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 ഐ കെ എം ന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.₹84030 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതിയുടെ പേര് | ഐ കെ എം വിഹിതം അടക്കൽ |
| പ്രൊജക്റ്റ് നം | 68/23 |
| അടങ്കൽ | ₹84030 (വികസനഫണ്ട് ജനറൽ ) |
| ചെലവ് (ബിൽ നം/ തീയതി) | ₹84030 (50/02.08.2022) |

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസന ഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് അടച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ₹84030 ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നാണ് ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി (25/14.11.23)ക്ക് മറുപടി നല്കിയത്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ ₹84030 തടസ്സപ്പെടുത്തുന്നു.

## 1-20 തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ- കരാറിലേർപ്പെടാതെ തുക മുൻകൂറായി അനുവദിച്ചു.₹419398 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 1/23, തെരുവ് വിളക്കുകൾക്കാവശ്യമായ ലൈൻ വലിക്കൽ |
| അടങ്കൽ | ₹893380(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹206620 (തനത് ഫണ്ട്) |

| | |
|---|---|
| | ആകെ :₹1100000 |
| ചെലവ് തുക /ബിൽ നമ്പർ /തിയ്യതി | ₹206620/385/23.03.23<br>₹212778/392/24.03.23<br>ആകെ :₹419398 |

നിലവിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ലാത്ത എല്ലാ വാർഡുകളിലും തെരുവ് വിളക്കുകൾക്ക് പുതിയലൈൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി. യിൽ നിന്നുള്ള ₹11,00,000 യുടെ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ ₹4,19,398 കെ.എസ്.ഇ.ബി. പാപ്പിനിശ്ശേരി സെക്ഷനിലേക്ക് ഒടുക്കിയിട്ടുണ്ട്.
പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, അഡ്വാൻസായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെങ്കിൽ കെ.എസ്.ഇ.ബി. യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം/പ്രവൃത്തിയുടെ പുരോഗതി വിവരം എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (26/14.11.23) നൽകിയതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും ലഭ്യമല്ലാത്തതിനാലും ഗ്രാമപഞ്ചായത്തിൽ ലഭ്യമായ ഫണ്ട് മുഴുവൻ ചെലവഴിക്കേണ്ടതിനാലുമാണ് തുക അടവാക്കിയിട്ടുള്ളതെന്നാണ് മറുപടി നൽകിയത്. തുക അനുവദിക്കുന്നതിന് മുമ്പായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ലെന്നും ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള മുഴുവൻ തുകയും അനുവദിക്കുന്നതിന് മുമ്പായി എഗ്രിമെന്റിൽ ഏർപ്പെടുന്നതാണെന്നും മുഴുവൻ തുകയും അനുവദിക്കാത്തതിനാൽ ഇതേ വരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നും മറുപടി നൽകിയിട്ടുണ്ട്.
സ ഉ (കൈ)നം.84/2022/തസ്വഭവ/19.04.22 ഖ 12.2.(5)(ഡി)ii തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂറായി അനുവദിക്കാവൂ. സാമ്പത്തിക സ്രോതസ്സ് ഉറപ്പുവരുത്താതെയും കെ.എസ്.ഇ.ബി.യുമായി കരാറിലേർപ്പെടാതെയും തുക ചെലവഴിച്ചതിനാൽ ₹419398 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഡെപ്പോസിറ്റ് പ്രവൃത്തികൾ സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09.03.2022, 10.07.2022 തീയതികളിലെ സർക്കുലർ നമ്പർ യഥാക്രമം ഡിഎ 64/22, 179/22 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-21 തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും- സൂപ്പർ വിഷൻ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല - ₹530000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 2/23, തെരുവ് വിളക്ക് വാങ്ങലും സ്ഥാപിക്കലും |
| അടങ്കൽ | ₹530000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ്/ബിൽ നമ്പർ/തിയ്യതി | ₹530000/276/08.02.23 |

തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന്റെ ഭാഗമായി രണ്ട് വർഷം വാറന്റിയുള്ള 200 എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കുന്നതിനായി ഒരു ബൾബിന് ₹2650 നിരക്കിൽ ₹530000 കേരള ഇലക്ട്രിക്കൽസ് & അലൈഡ് എഞ്ചിനീയറിംഗ് കോ-ലിമിറ്റഡ് (കെൽ) എന്ന സ്ഥാപനത്തിൽ (ഇൻവോയിസ് നം 407/06.02.23) നിന്ന് വാങ്ങിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് വാങ്ങിയ ബൾബുകൾ സ്ഥാപിക്കുന്ന പ്രവൃത്തി കെ.എസ്.ഇ.ബി. സൂപ്പർവിഷൻ നടത്തിയതിന്റെ രേഖകൾ, ബൾബുകൾ സ്ഥാപിച്ചതിന്റെ വാർഡടിസ്ഥാനത്തിലുള്ള സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയതിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നും, കെ.എസ്.ഇ.ബി. സൂപ്പർവിഷൻ നടത്തിയതിന്റെ രേഖകൾ ലഭ്യമായിട്ടില്ലെന്നും ആയത് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കാത്തതിനാൽ ₹530000 തടസ്സപ്പെടുത്തുന്നു.

## 1-22 തെരുവ് നായ നിയന്ത്രണ പ്രവർത്തനങ്ങൾ - മോണിറ്ററിംഗ് രേഖകൾ ഹാജരാക്കിയില്ല.- ₹62856 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പരും പേരും | 198/23, എ ബി സി പദ്ധതിക്ക് വിഹിതം നൽകൽ |

| | |
|---|---|
| അടങ്കൽ | ₹100000 വികസനഫണ്ട് |
| ചെലവ് | ₹62856 |
| ബിൽ നമ്പർ & തീയ്യതി | 433/28.03.2023 |

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്ടായാണ് എ ബി സി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം പദ്ധതിക്ക് വേണ്ടിയുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി ₹62856 കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്.
മേൽ ഉത്തരവ് ഖണ്ഡിക 13 പ്രകാരം ഗ്രാമ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും എ ബി സി പ്രവർത്തനം മോണിറ്ററിംഗ് ചെയ്യേണ്ടതുമാണ്. പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചതിന്റെ വിവരം, ഇതേ വരെ പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ റിപ്പോർട്ട്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (24/14.11.22) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ചെലവ് തുകയായ ₹62856 തടസ്സപ്പെടുത്തുന്നു.

## 1-23 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ- മരുന്നുകൾ ലഭ്യമായില്ല-20654/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ടതാണ് ചുവടെ കൊടുക്കുന്ന പ്രോജക്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>കമ്മ്യൂണിറ്റിഹെൽത്ത് സെന്റർ |
| പ്രൊജക്ട് നമ്പർ / പേര് | 188/23 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഹെൽത്ത്<br>വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. |
| അടങ്കൽ | ₹175922 (ഹെൽത്ത് ഗ്രാൻഡ് ) |
| ചെലവ് | ₹73532 (ഹെൽത്ത് ഗ്രാൻഡ് ) |
| വൗച്ചർ നം./തീയതി/<br>തുക | (1)22201090/17.12.22 ₹25922<br>(2)22201299/03.02.2023 ₹47610<br>(ബിൽ രജിസ്റ്റർ പ്രകാരം) |

A.മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.
മേൽ സൂചിപ്പിച്ച ബിൽ നമ്പർ 1 പ്രകാരം ആകെ ₹25922 കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് (A/c No.3624001800000019) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.
ഇൻവോയ്സ് നം.PRF2609, 28.11.22 പ്രകാരം പർച്ചേസ് ഓർഡർ നൽകിയതിൽ നാളിതുവരെ ലഭ്യമായ മരുന്നുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നം./തീയ്യതി | ലഭ്യമായ മരുന്നുകളുടെ വില (രൂപയിൽ) |
|---|---|
| 11756/06.7.23 | 5268/- |

ബാക്കി 20654 രൂപയുടെ( 25922- 5268) മരുന്നുകൾ ലഭ്യമായതിന്റെ ബില്ലുകളും ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകളും ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.40/15.11.23) കെ.എം.എസ്.സി.എല്ലിൽ മരുന്ന് സ്റ്റോക്കില്ലാത്തതാണ് മരുന്ന് ലഭ്യമാകാത്തതിന് കാരണമെന്നും മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹20654 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ബില്ലുകളും സ്റ്റോക്കിലെടുത്ത രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
B.ഫർണിച്ചറുകൾ/ മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത്- ടെണ്ടർ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.
സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ, 08.11.2010 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 25000 രൂപയ്ക്ക് മുകളിലും 100000രൂപയിൽ താഴെയും ഉള്ള വാങ്ങൽ നടപടികൾക്ക് ലിമിറ്റഡ് ടെണ്ടറും, മതിപ്പ് വില 100000 രൂപയ്ക്ക് മുകളിൽ ഓപ്പൺ ടെണ്ടറും സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലിമിറ്റഡ് ടെണ്ടറിലൂടെയല്ലാതെ ക്വട്ടേഷൻ നടപടികളിലൂടെയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

| സ്ഥാപനത്തിന്റെ പേര്. | ഇൻവോയ്സ് നമ്പർ / തീയതി. | തുക ₹ | വൗച്ചർ നമ്പർ |
|---|---|---|---|
| ലീഡ്സ് കെമിക്കൽസ് താവക്കര | C6366/17.01.2023 | 47610 | 22201299/ 03.02.2023 |

സർക്കാർ ഉത്തരവ് നിലനിൽക്കെ വാങ്ങലുകൾ ഇത്തരം നടപടികൾ മുഖേന നടത്തിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/15.11.2023)മേൽ ഉത്തരവ് സംബന്ധിച്ചുള്ള അറിവില്ലായ്മ കാരണമാണ് ഇത്തരം വാങ്ങലുകൾ നടത്തിയതെന്നും തുടർന്നുള്ള വാങ്ങലുകൾക്ക് ടി ഉത്തരവ് പാലിക്കുന്നതാണെന്നും മറുപടി നല്കി. സാധനങ്ങൾ സമാഹരിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 1-24 പെയ്ൻ ആൻഡ് പാലിയേറ്റീവ് കെയർ-മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല-ചെലവ് തുക 316366/- രൂപ തടസ്സപ്പെടുത്തുന്നു.

പാപ്പിനിശ്ശേരി പഞ്ചായത്തിലെ കിടപ്പിലായ രോഗികൾക്ക് മരുന്നും ഉപകരണങ്ങളും പരിചരണവും നൽകുന്നതുമായി ബന്ധപ്പെട്ടതാണ് പ്രോജക്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |
| പ്രൊജക്ട് നമ്പർ / പേര് | 17/23 പെയ്ൻ ആൻഡ് പാലിയേറ്റീവ് കെയർ |
| അടങ്കൽ ₹1200000 | ₹700000 (വികസന ഫണ്ട്-പൊതുവിഭാഗം)<br>₹100000(തനത് ഫണ്ട്)<br>₹200000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം )<br>₹200000(ജില്ലാ പഞ്ചായത്ത് വിഹിതം ) |
| ചെലവ് ₹1034050 | ₹697603(വികസന ഫണ്ട്-പൊതുവിഭാഗം)<br>₹47057 (തനത് ഫണ്ട്)<br>₹200000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം )<br>₹89390(ജില്ലാ പഞ്ചായത്ത് വിഹിതം ) |
| ബിൽ നം./തീയതി/<br>തുക | 25/18.06.22- ₹75460<br>41/18.07.22 ₹39030<br>62/08.08.22 ₹40330<br>65/12.08.22 ₹242236<br>91/06.09.22 ₹18030<br>105/03.10.22 ₹22900<br>123/26.10.22 ₹40230<br>213/31.12.22 ₹78780<br>219/07.01.23 ₹99867<br>363/17.3.23 ₹40740<br>(ACR പ്രകാരമുള്ള ബില്ലുകൾ)<br>വൗച്ചർ നം.22201614/31.3.23-₹45257<br>വൗച്ചർ നം.22200048/13.4.22-₹1800<br>BRN No.22190152010200873452/07.12.22 ₹200000/-<br>BRN No.22190152010201221831/21.2.23 ₹89390/- |

മേൽ സൂചിപ്പിച്ച ബിൽ നമ്പറുകൾ (65/12.08.22-₹242236,219/07.01.23 ₹99867, BRN No.22190152010200873452/07.12.22-200000/-) പ്രകാരം ആകെ ₹542103 കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് (A/c No.3624001800000019) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.
ഇൻവോയ്സ് നം.PRF801/27.7.2022, PRF3261/28.12.2022, PRF2676/30.11.2022 എന്നിവ പ്രകാരം പർച്ചേസ് ഓർഡർ നൽകിയതിൽ നാളിതുവരെ ലഭ്യമായ മരുന്നുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ബിൽ വിവരം | ലഭ്യമായ മരുന്നുകളുടെ ഇൻവോയ്സ് നം./ തീയ്യതി | ലഭ്യമായ മരുന്നുകളുടെ വില ₹ |
|---|---|---|

| | | |
|---|---|---|
| 65/12.08.22 -₹242236 | ലഭ്യമല്ല | ലഭ്യമല്ല |
| 219/07.01.23 ₹99867 | 24523/2.2.23 | 4888/- |
| | 24525/2.2.23 | 50359/- |
| | 194/2.6.23 | 22912/- |
| | 16636/21.8.23 | 3599/- |
| | 17588/18.9.23 | 16100/- |
| BRN No.22190152010200873452/ 07.12.22 200000/- | 13446/19.7.23 | 120422/- |
| | 12982/15.7.23 | 7457/- |
| | ആകെ | 225737/- |

ബാക്കി 316366/- രൂപയുടെ (542103-225737) മരുന്നുകൾ ലഭ്യമായതിന്റെ ബില്ലുകളും സ്റ്റോക്കിലെടുത്ത അനുബന്ധ രേഖകളും ഹാജരാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.39/15-11-23) മരുന്ന് ലഭ്യമാക്കുന്നതിന് കെ. എം.എസ്.സി.എൽ. അധികൃതരുമായി ബന്ധപ്പെട്ടിരുന്നുവെന്നും സ്റ്റോക്കിൽ മരുന്ന് ലഭ്യമല്ലാത്തതാണ് കാരണമെന്നുമുള്ള മറുപടി നൽകി. ബാക്കിയുള്ള മരുന്നുകൾ ലഭ്യമാകാത്തതിനാൽ 316366/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ടി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്റെ ബില്ലുകളും സ്റ്റോക്കിലെടുത്ത രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 കുടുംബശ്രീ ബാലസഭ-സർക്കാർ നിർദ്ദേശം പാലിച്ചില്ല - ₹20000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി . |
| പ്രോജക്ട് നം,പേര് | 173/23, കുടുംബശ്രീ ബാലസഭ. |
| അടങ്കൽ ₹50000 | ₹40000(വികസന ഫണ്ട് )<br>₹10000(തനത് ഫണ്ട് ) |
| ചെലവ് | ₹40000(വികസന ഫണ്ട് ) |
| ബിൽ നം/തീയതി/തുക | 22190152011701111406/30.1.2023/₹20000.<br>22190152011701111370/30.1.2023/₹20000. |

സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ. തീയതി 28.05.2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖ (ഖണ്ഡിക 7.7.10(1))-ൽ ബാലസഭാ പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തുകൾ വാർഡ് ഒന്നിന് 1000/- രൂപയാണ് നൽകേണ്ടത്. ഇതുപ്രകാരം 20 വാർഡുകൾ ഉള്ള പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന് ബാലസഭാ പ്രവർത്തനങ്ങൾക്കായി ആകെ ചെലവഴിക്കാവുന്ന തുക 20000/- രൂപയാണ്. വാർഡ് തല പ്രവർത്തനങ്ങളിലെ 20000/- രൂപ കൂടാതെ 21.1.2023-ന് പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ നടത്തിയ ബാലസഭ-ബാലപഞ്ചായത്ത് പരിപാടിയുടെ ഭാഗമായി ബിൽ നമ്പർ 22190152011701111370/30.1.2023 ഉൾപ്പെട്ട 20000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 20000/- രൂപ അധികമായി ചെലവഴിച്ചതിന്റെ കാരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.41/2022-23/16.11.2023) മുകളിൽ പരാമർശിച്ച ഉത്തരവിലെ 7.7.10(2) ഖണ്ഡിക പ്രകാരം കലാകായിക മത്സരങ്ങൾ നടത്താൻ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് തലത്തിൽ 20000/- രൂപ ചെലവഴിച്ചത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. അധികമായി ചെലവഴിച്ച 20000/- രൂപ തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ വിശദീകരണം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക്-അപാകങ്ങൾ.-3876 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ, പേര് | 15/23, പട്ടികജാതി കുടുംബങ്ങൾക്ക് പി.വി. സി വാട്ടർ ടാങ്ക് |
| അടങ്കൽ ₹166668 | ₹125001 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹41667 (ഗുണഭോക്തൃ വിഹിതം) |
| ചെലവ് ₹166668 | ₹125001(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹41667 (ഗുണഭോക്തൃ വിഹിതം) |
| ബിൽ നം/വൗച്ചർ നം/ തീയതി/തുക. | (1)281/13.2.2023/₹116280.<br>(2)382/23.3.2023/₹8721.<br>(3)22201372 / 17.2.2023/₹38760.<br>(4)22201533 / 26.3.2023/₹2907. |

മേൽ പദ്ധതിപ്രകാരം ഒരെണ്ണത്തിന് 3876/- രൂപ നിരക്കിൽ 166668/- രൂപ ചെലവഴിച്ച് 43 പിവി.സി വാട്ടർ ടാങ്കുകൾ വാങ്ങിച്ചിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം ലഭിച്ച മണികണ്ഠൻ. പി എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻ കാർഡ് (റേഷൻ കാർഡ് നമ്പർ -2366160472) ചിറക്കൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.43/2022-23/16.21.2023) ശ്രീ.മണികണ്ഠൻ.പി. എന്നവർ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ XII/472A നമ്പർ കെട്ടിടത്തിൽ 3 വർഷമായി താമസിക്കുന്നുണ്ടെന്ന ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രമാണ് ഹാജരാക്കിയിട്ടുള്ളത്. പ്രസ്തുത മറുപടി തൃപ്തികരമല്ല. ചിറക്കൽ ഗ്രാമപഞ്ചായത്തിൽ നിന്ന് പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 3876/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
മുകളിൽ പരാമർശിച്ചിട്ടുള്ള വ്യക്തിക്ക് ചിറക്കൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രവും ടിയാൻ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ വോട്ടറാണെന്ന സാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ , പേര് | 33/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ ₹25,65,800 | ₹1315800(വികസന ഫണ്ട്, ജനറൽ)<br>₹315000(തനത് ഫണ്ട്)<br>₹700000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹235000(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് തുക/ബിൽ നം./തീയതി ₹13,15,800 വികസനഫണ്ട് ജനറൽ | ₹115400/120/25.10.22<br>₹47600/75/26.08.22 |

| | |
|---|---|
| ₹ 545000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹2,35,000 (ജില്ലാ പഞ്ചായത്ത് വിഹിതം) | ₹627000/73/19.08.22<br>₹410000/341/16.03.23<br>₹115800/342/16.03.23<br>₹318600/ 22190152012700713910/28.10.22<br>₹226400/22190152012701199192/16.02.23<br>₹235000/22190152012701204440/17.02.23<br>ആകെ ₹20,95,800 |

2022-23 വർഷം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിലുൾപ്പെടുത്തി ആനുകൂല്യം അനുവദിച്ച താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചതിൽ അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | വൈകല്യം | അനുവദിച്ച തുക | അർഹമായ തുക | അധികം/കുറവ് നൽകിയത് |
|---|---|---|---|---|---|
| 1 | അർജ്ജുനൻ സുരേഷ്<br>S/o ഷീന സുരേഷ് | എം ആർ | 29500 | 28500 | 1000 |
| 2 | 82)ഫാത്തിമ എം<br>D/o ആയിഷ | ശാരീരികം (Viii Std) | 14500 | 6600 | 7900 |
| 3 | 68) ഷാരോൺ സെബസ്റ്റ്യൻ<br>S/o ജാനറ്റ് സൂരജ് മാർട്ടിൻ | കേൾവി സിവിൽ (പോളി ) | 13000 | 13500 | -500 |
| 4 | 76) മുഹമ്മദ് ആദിൽസാമാൻ<br>S/o കബീർ സി എച് | കേൾവി (Iii Std) | 4500 | 5300 | -800 |
| 5 | 84) വിഷ്ണു പി<br>S/o കെ ടി പ്രസാദ് | കാലിന് വൈകല്യം<br>(Ix Std) | 6800 | 8000 | -1200 |
| 6 | 87)ദക്ഷ് ഗോവിന്ദ്<br>S/o ശോഭിത പി കെ | കാഴ്ച വൈകല്യം (Vii Std) | 5600 | 6600 | -1000 |
| 7 | 20) ഫസൽ<br>S/o ഫൗസിയ | കേൾവി (Vii Std) | 14500 | 6600 | 7900 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (47/17.11.23) ആയതിൽ ക്രമ നം 1,2, 7 പ്രകാരമുള്ള വിദ്യാർത്ഥികൾക്ക് അധികം നൽകിയ തുക അടുത്ത സാമ്പത്തിക വർഷം ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി ഹാജരാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് അർഹമായ മുഴുവൻ ആനുകൂല്യവും അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതും അധികം നൽകിയ തുക ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-28 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജൻ. |
| പ്രോജക്ട് നമ്പർ, പേര് | 110/23, കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ ₹625000 | ₹312500 (വികസന ഫണ്ട് -ജനറൽ)<br>₹312500 (മറ്റുള്ളവ) |
| ചെലവ് ₹625000 | ₹312500 (വികസന ഫണ്ട് -ജനറൽ)<br>₹312500(ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്) |
| ബിൽ നം/തീയതി/തുക. | 22190152011801381959/17.3.2023 /₹312500. |

മേൽ പദ്ധതിയുടെ ഭാഗമായി മുകളിൽ പരാമർശിച്ച 17.3.2023-ലെ ബിൽ നമ്പറിൽ നിന്ന് 312500രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 71901140 0000003 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/2022-23/ 10.11.2023) പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 അങ്കണവാടികൾക്ക് വാട്ടർ ടാങ്ക് വിതരണ പദ്ധതി - ഭരണസമിതി അംഗീകരിച്ച നിരക്കിൽ നിന്ന് വ്യത്യസ്തമായി വാങ്ങൽ നടത്തി- 780/- രൂപയുടെ അധികച്ചെലവ്

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ, പേര് | 103/23 അങ്കണവാടികൾക്ക് വാട്ടർ ടാങ്ക് വാങ്ങൽ |
| അടങ്കൽ<br>ആകെ: 62250 | ₹59250 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>₹3000 (തനത് ഫണ്ട്) |
| ചെലവ് | ₹59250/315/ 24-02-2023 |

മേൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മടമ്പില്ലത്ത് ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് 3950 രൂപ നിരക്കിൽ 15 വാട്ടർ ടാങ്കുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഭരണസമിതി തീരുമാനം നം5/284(1)/2022/07.12.2022 പ്രകാരം കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. രേഖകൾ പ്രകാരം ASIAN TRADERS എന്ന സ്ഥാപനം ₹3898 ക്വോട്ട് ചെയ്തിരുന്നിട്ടും ₹3950 ക്ക് വാട്ടർടാങ്ക് വാങ്ങിയതിന്റെ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (47/17.11.23) പ്രൊക്യൂയർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ സ്ഥാപനത്തിൽ നിന്ന് വാട്ടർ ടാങ്കുകൾ വാങ്ങിയതെന്ന മറുപടിയാണ് നൽകിയത്. എന്നാൽ ആയതിന്റെ നമ്പർ, തിയ്യതി, മിനുട്സ് എന്നിവയൊന്നും ഹാജരാക്കിയിട്ടില്ല. ഭരണസമിതി അംഗീകരിച്ച നിരക്കിൽ നിന്ന് വ്യത്യസ്തമായി വാങ്ങൽ നടത്തിയതിനാൽ വന്ന അധികച്ചെലവായ 780/- രൂപ (15x52) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

1-30 ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ-214 രൂപ അധികം നല്കിയത് തിരിച്ചടക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ. |
| പ്രൊജക്റ്റ് നം.,പേര് | 118/23,ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ. |
| അടങ്കൽ ₹650000 | ₹225970 (വികസന ഫണ്ട് )<br>₹24030 (തനത് ഫണ്ട് )<br>₹300000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം )<br>₹100000 (ജില്ലാ പഞ്ചായത്ത് വിഹിതം ) |
| ചെലവ് ₹625000 | ₹225970 (വികസന ഫണ്ട് )<br>₹24030 (തനത് ഫണ്ട് )<br>₹300000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം )<br>₹75000 (ജില്ലാ പഞ്ചായത്ത് വിഹിതം ) |
| ബിൽ നം/തീയതി/തുക | (1)22190152036300800254/17.11.2022/₹75000.<br>(2) 22190152036301369292/16.3.2023/₹143875<br>(3)22190152036301369321/16.3.2023/₹7095.<br>(4)346/16.3.2023/₹24030.<br>(5)22190152036600825752/26.11.2022/₹75000.<br>(6)22190152036300933922/20.12.2022/₹75000.<br>(7)22190152036301174575/10.2.2023/₹143875.<br>(8)22190152036301206388/17.2.2023/₹4140.<br>(9)22190152036301509998/28.3.2023/₹15450.<br>(10)22190152036301509885/28.3.2023/₹61535. |

മേൽ പദ്ധതിയുടെ ഭാഗമായി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സ.ഉ(എം.എസ്)നം.115/2022/ത.സ്വ.ഭ.വ തീയതി-28.05.2022 -ലെ ഖണ്ഡിക 6.3.9പ്രകാരം ഒരു ലിറ്റർ പാലിന് 3രൂപ നിരക്കിൽ സബ്സിഡിയിനത്തിൽ ഒരു വർഷം ഒരു ഗുണഭോക്താവിന് നൽകാവുന്ന പരമാവധി തുക 40000/- രൂപയാണ്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താവിന് 40214/- രൂപ അനുവദിച്ചിട്ടുണ്ട്. 214/- രൂപ അധികം നല്കിയത് തിരിച്ചടക്കേണ്ടതാണ്.

| ഗുണഭോക്താവിന്റെ പേര് | ബാങ്ക് അക്കൗണ്ട് നമ്പർ | തുക ₹ |
|---|---|---|
| കെ.വി.അജിത്ത്. | 815524123 | 40214<br>(4435+9639+502+1700+4435+ 4435+9639+1076+4353) |

2. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/202223/14.11.2023) അധികം അനുവദിച്ച തുക ബന്ധപ്പെട്ട ഗുണഭോക്താവിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കുന്നതാണെന്നും, മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധികം നല്കിയ തുക ഒടുക്കിയതിന്റെ വിവരം രേഖകൾ സഹിതം ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-31 ഹോമിയോ ആശുപത്രിയിൽ മരുന്ന് വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല - ₹150282 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് ഹോമിയോ ആശുപത്രിയിൽ മരുന്ന് വാങ്ങുന്നതുമായി ബന്ധപ്പെട്ടതാണ് ചുവടെ കൊടുക്കുന്ന പ്രോജക്ട്.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയിൽ മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | S0175/23 |
| അടങ്കൽ | ₹200000 (മെയിന്റനൻസ്ഫണ്ട് - റോഡിതരം) |
| ചെലവ്<br>ബിൽ നം. / തീയതി | ₹200000<br>371/21.03.23 (ACR പ്രകാരം) |

മേൽ സൂചിപ്പിച്ച ബിൽ പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്(ഹോംകോ) മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക്(A/c No.34306403911) 200000/- രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ടാക്സ് ഇൻവോയ്സ് നം. PF -1337,17.03.23 പ്രകാരം പർച്ചേസ് ഓർഡർ നടത്തിയ മരുന്നുകളിൽ 49718/- രൂപയുള്ള മരുന്നുകൾ ലഭ്യമായ രേഖകളും സ്റ്റോക്കിലെടുത്ത രേഖകളും മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.
ബാക്കി വരുന്ന 150282/-രൂപയുടെ (200000-49718) മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ബില്ലുകളും സ്റ്റോക്കിലെടുത്ത രേഖകളും ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.8/09.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹150282 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബില്ലുകളും സ്റ്റോക്കിലെടുത്ത രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 തുരുത്തിക്കൊവ്വൽ ചെങ്ങിനിവയൽ നടപ്പാത നിർമ്മാണം- നിയമാനുസൃത പിഴ ഈടാക്കാതെ ഫൈനൽ ബിൽ നല്കിയതും മറ്റ് അപാകങ്ങളും-347017/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ, പദ്ധതിയുടെ പേര് | 52/22-23,<br>തുരുത്തിക്കൊവ്വൽ ചെങ്ങിനിവയൽ നടപ്പാത |
| അടങ്കൽ | ₹8,00,000 (തനത് ഫണ്ട്) |
| ചെലവ് | ₹347017(01.02.23) |
| സാങ്കേതികാനുമതി തുക | ₹4,22,000 |
| കരാറുകാരൻ | ശ്രീ അബൂബക്കർ സിദ്ദിഖ്,<br>എഗ്രീഡ് പി എ സി ₹309853.64 |

പദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കൈമാറിക്കിട്ടിയ സ്ഥലം സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ലഭ്യമല്ല. അസറ്റ് രജിസ്റ്ററിൽ 176മീറ്റർ നീളവും 1.8മീറ്റർ

വീതിയുമുള്ള നടപ്പാത എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രവൃത്തി നടത്തിയത് 1.05 മുതൽ 3 മീറ്റർ വരെ വ്യത്യസ്ത വീതികളിലാണ്.

2. ഇന്റർലോക്ക് ഉപയോഗിച്ച് നടപ്പാത നിർമ്മിച്ച് ഇരുവശവും 15 സെ മീ വീതിയിലും 10 സെ മീറ്റർ കനത്തിലും കോൺക്രീറ്റ് ചെയ്യാനാണ് (1:2:4 മിക്സ്) ഒറിജിനൽ എസ്റ്റിമേറ്റിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റിൽ സൈഡ് കോൺക്രീറ്റ് ചെയ്യുതിന്റെ വീതി 1.4മീറ്റർ വരെ വർധിച്ചിട്ടുണ്ട്. ആയതിന്റെ കാരണം വ്യക്തമല്ല. അസറ്റ് രജിസ്റ്റർ പ്രകാരം ലഭ്യമായ ആകെ വീതിയേക്കാൾ കൂടുതൽ അളവിൽ ഫുട്പാത്ത് നിർമ്മാണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. എക്സിറ്റ് മീറ്റിംഗിൽ ലഭ്യമായ സ്ഥലം മുഴുവൻ ഉപയോഗപ്പെടുത്തിയതാണ് എന്നാണ് അറിയിച്ചത്. കൃത്യമായ അളവുകൾ നിശ്ചയിക്കാതെയും ആസ്തിയുടെ ഉടമസ്ഥാവകാശം ഉറപ്പ് വരുത്താതെയും ഫുട്പാത്ത് നിർമ്മാണം നടത്തിയത് ഗുരുതരമായ അപാകമാണ്.

3. 45 ദിവസത്തെ കാലാവധി നിശ്ചയിച്ച് കൊണ്ട് 17.05.2022 തീയതിയിൽ എഗ്രിമെന്റ് വച്ച് സ്ഥലം കൈമാറിയിരുന്നുവെങ്കിലും പ്രവൃത്തിക്കാവശ്യമായ ഇന്റർലോക്ക് ബ്ലോക്കുകൾ സൈറ്റിലിറക്കി ഗുണനിലവാര പരിശോധനക്കായി കണ്ണൂർ എഞ്ചിനീയറിംഗ് കോളേജ് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിന് സാംപിൾ നല്കിയത് 01.11.22 തീയതിയിൽ മാത്രമാണ്. ഗുണമേന്മയില്ല എന്ന ടെസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുഴുവൻ സാധനങ്ങളും സൈറ്റിൽ നിന്നു മാറ്റി പുതിയ സാധനങ്ങൾ ഇറക്കുകയും 16.11.22ന് വീണ്ടും പരിശോധനയ്ക്കായി സാമ്പിളുകൾ അയക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം വീഴ്ചകൾ കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായിട്ടും കരാറുകാരനെതിരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

4. 30.06.2022 തീയതിയിൽ കരാർ കാലാവധി അവസാനിച്ചതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് നല്കിയ നോട്ടീസിൽ പ്രവൃത്തി നാളിതുവരെയായും ആരംഭിച്ചിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ പ്രവൃത്തി ദീർഘിപ്പിച്ച് നല്കുന്നതിനായി കത്തു നല്കിയത് 02.06.22 ലും കാലാവധി ദീർഘിപ്പിച്ച് നല്കുന്നതിനായി (30.09.22 വരെ) ഭരണസമിതി തീരുമാനമെടുത്തത് 14.06.22 തീയതിയിലുമാണ്. പ്രസ്തുത ഭരണസമിതി തീരുമാനം പ്രസിഡണ്ടിന്റെ അംഗീകാരത്തിനയച്ച തീയതി 14.07.2022 ആണെന്നതും ശ്രദ്ധിക്കേണ്ടതാണ്.

30.06.22 ൽ കരാറുകാരന് നോട്ടീസ് നല്കുന്നതിന് മുമ്പ് പ്രസ്തുത കാര്യങ്ങൾ നടന്നിട്ടുണ്ടെങ്കിൽ നോട്ടീസ് നല്കേണ്ടതിന്റെ ആവശ്യം എന്തായിരുന്നു എന്ന് വ്യക്തമല്ല.

5. 20.11.22 വരെ വീണ്ടും കാലാവധി ദീർഘിപ്പിച്ച് നല്കിയത് സാധൂകരിച്ച് നല്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്ക് കത്തു നല്കിയിട്ടുണ്ട്. പ്രസ്തുത ദീർഘീകരണം ഗ്രാമപഞ്ചായത്ത് ഭരണസമിതി സാധൂകരിച്ച് നല്കിയതുമായി ബന്ധപ്പെട്ട തീരുമാനം നമ്പർ ലഭ്യമാക്കിയിട്ടില്ല.

6. തുടർച്ചയായി കരാർ ലംഘനം നടത്തിയ കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെ അവസാന ബിൽ നല്കിയത് ശരിയല്ല. 45 ദിവസം കാലാവധി നിശ്ചയിച്ച പദ്ധതി പൂർത്തീകരിച്ചത് 188 ദിവസങ്ങൾ എടുത്താണ്. നിയമാനുസൃത പിഴ ഈടാക്കി അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതാണ് (2012ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (GO(P) No. 13/2012/PWD Dated 01.02.2012), സെക്ഷൻ 2112, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ ഇവ കാണുക).

കൃത്യമായ അളവിൽ സ്ഥലം വിട്ടുകിട്ടാതെയും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥത ഉറപ്പ് വരുത്താതെയും പദ്ധതി ഏറ്റെടുത്തതിനാലും മേൽപ്പറഞ്ഞ മറ്റ് അപാകങ്ങൾ നിലനില്ക്കുന്നതിനാലും 347017/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-33 പഞ്ചായത്ത് ഓഫീസ് ബിൽഡിംഗ് അറ്റകുറ്റപ്പണി- കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്റ്റ് നമ്പർ , പേര് | 51/23, പഞ്ചായത്ത് ഓഫീസ് കെട്ടിടം പുനരുദ്ധാരണം |
| അടങ്കൽ ₹600000 | ₹100000-തനത് ഫണ്ട്, ₹500000-മറ്റിനം |
| ചെലവ് | ₹354254 |

| | |
|---|---|
| കരാറുകാരൻ | ശ്രീ അയൂബ് സി പി, (എഗ്രീഡ് പി എ സി – ₹382545.61) |

45 ദിവസം പൂർത്തീകരണ കാലാവധി നിശ്ചയിച്ച് 10.05.22 തീയതിയിൽ സ്ഥലം കൈമാറിയ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചത് 28.12.22 തീയതിയിൽ മാത്രമാണ്. രണ്ടു തവണ കാലാവധി ദീർഘിപ്പിച്ചു നല്കിയിട്ടുണ്ട്. നിയമാനുസൃത പിഴ ഈടാക്കി അനുബന്ധ രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ് (2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (GO(P) No. 13/2012/PWD Dated 01.02.2012), സെക്ഷൻ 2112, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ ഇവ കാണുക).

## 1-34 പൊതു ടാപ്പുകളുടെ ഡിസ്കണക്ഷൻ - തുക ഒടുക്കുന്നതിനുള്ള പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ₹76000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | 201/23 (പൊതു കുടിവെള്ള ടാപ്പുകളുടെ ഡിസ്കണക്ഷൻ ചാർജ്ജ് ഡെപ്പോസിറ്റ് ചെയ്യൽ) |
| അടങ്കൽ | ₹76000 (തനത് ഫണ്ട്) |
| ചെലവ് തുക/ബിൽ നം/തീയതി | ₹76000/146/25.11.22 |

പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 52 കുടിവെള്ള ടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റി തളിപ്പറമ്പ സെക്ഷനിൽ നിന്നുള്ള എസ്റ്റിമേറ്റ് പ്രകാരം ₹76000 ഒടുക്കിയിട്ടുണ്ട്. തുക വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം. 36/15.11.23) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ₹76000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-35 കരിക്കിൻ കുളം നവീകരണം-അപാകങ്ങൾ-446847/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ, പേര് | 9/23, പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് 2022-23 കരിക്കൻകുളം നവീകരണം |
| അടങ്കൽ | 23,79,000(ധനകാര്യ കമ്മീഷൻ അവാർഡ്-₹2378570, തനത് ഫണ്ട് - ₹430) |
| ചെലവ് | ₹4,46,847(ഒന്നാം പാർട്ട് ബിൽ)<br>ബിൽ നമ്പർ 453/30.03.2023 |

പദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. അസറ്റ് രജിസ്റ്ററിൽ കുളത്തിന്റെ അളവുകളോ നാളിതുവരെയുള്ള നിർമ്മാണച്ചെലവോ രേഖപ്പെടുത്തിയിട്ടില്ല. കുളം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്നതിന് ആയത് മറ്റാരുടെയും ഉടമസ്ഥതയിലല്ല എന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കുളത്തിന്റെ അളവുകൾ സംബന്ധിച്ച വിവരങ്ങൾ പ്രസ്തുത സാക്ഷ്യപത്രത്തിലോ ആസ്തി രജിസ്റ്ററിലോ ഇല്ല. അസിസ്റ്റന്റ് എഞ്ചിനീയർ തിട്ടപ്പെടുത്തിയ അളവ് 123.5 ചതുരശ്രമീറ്റർ വിസ്തീർണ്ണവും 2 മീറ്റർ ആഴവും എന്നാണ്. പ്രസ്തുത അളവുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ 07.10.2022 ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിൽ തീരുമാനിച്ചിരുന്നുവെങ്കിലും ആയത് നാളിതു വരെ നടപ്പാക്കിയിട്ടില്ല. പ്രസ്തുത അളവുകൾ സംബന്ധിച്ച നിരാക്ഷേപ സാക്ഷ്യപത്രം ഇല്ലാതെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത് ശരിയാണോ എന്നും പരിശോധിക്കേണ്ടതാണ്.

2. പഴയ കുളത്തിലെ ചെങ്കൽകെട്ടുകൾ പൊളിച്ചു മാറ്റിയപ്പോൾ 112.78 ഘനമീറ്റർ കല്ല് ലഭിച്ചിട്ടുണ്ട് (1015 എണ്ണം).

ആയതിൽ 102 എണ്ണം മാത്രമാണ് പുനരുപയോഗ യോഗ്യമായിട്ടുള്ളത് എന്നാണ് സർവ്വേ റിപ്പോർട്ടിൽ അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കി കല്ലുകൾ മുഴുവനായും പൊടിഞ്ഞു പോയിരിക്കാൻ സാധ്യതയില്ലാത്തതിനാൽ ആയതിന്റെ സ്ക്രാപ്പ് വാല്യൂ നിശ്ചയിക്കാതെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 38/15.11.2023) ആയത് മുഴുവനായും സൈറ്റ് ലെവൽ ചെയ്യാൻ ഉപയോഗപ്പെടുത്തി എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ കുളത്തിനു ചുറ്റുമുള്ള സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച വ്യക്തതയില്ലാത്തതിനാലും എം ബുക്കിലോ എസ്റ്റിമേറ്റിലോ പ്രസ്തുത ഇനം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും മറുപടി തൃപ്തികരമല്ല. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ വളരെ കുറച്ച് കല്ലുകൾ മാത്രമാണ് കാണാൻ സാധിച്ചത് (100ൽ താഴെ) എന്ന കാര്യവും ശ്രദ്ധയിൽ പെടുത്തുന്നു.

3. 2023 മാർച്ച് മാസത്തിനു മുമ്പ് കല്ലുകൾ പൊളിച്ച് മാറ്റിയിരുന്നുവെങ്കിലും ലേല നടപടികൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സർവ്വേ റിപ്പോർട്ട് കൈമാറിയത് 2023 ആഗസ്റ്റ് മാസം മാത്രമാണ്. തിരക്കുകൾ കാരണമാണ് സർവ്വേ റിപ്പോർട്ട് തയ്യാറാക്കി നല്കാൻ വൈകിയതെന്ന മറുപടിയാണ് ഇതിന് നല്കിയത്. സാധനങ്ങൾ സൈറ്റിൽ ഇല്ലാതാകാൻ കാലതാമസം കാരണമായിട്ടുണ്ടോ എന്നും പരിശോധിക്കപ്പെടേണ്ടതുണ്ട്.

സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള കല്ലുകൾ ലേലം ചെയ്ത് അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതും മറ്റ് അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്. കുളം നിർമ്മിച്ച സ്ഥലത്തിന്റെ അളവുകൾ സംബന്ധിച്ച അവ്യക്തത നിലനില്ക്കുന്നതിനാൽ ഓഡിറ്റ് വർഷം ചെലവഴിച്ച 446847/- രൂപയുടെ തടസ്സത്തിൽ വെക്കുന്നു. വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട് കൃത്യമായ അളവുകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അപാകങ്ങൾ-70000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്,<br>ഗവ.വെൽഫെയർഎൽ.പി.എസ്.,<br>പാപ്പിനിശ്ശേരി. |
| പ്രോജക്റ്റ് നമ്പർ, പേര് | 161/23, പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. |
| അടങ്കൽ | ₹20,90,000(വികസന ഫണ്ട് -എസ്.സി.പി) |
| ചെലവ് | ₹20,90,000 |
| ബിൽ നം/ തീയതി/തുക. | (1)22190152024700516878/6.9.2022/₹9,25,000.<br>(2)22190152024700877434/7.12.2022/₹8,90,000.<br>(3)22190152024700560950/20.9.2022/₹2,75,000. |

മേൽ പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ബാങ്ക് അക്കൗണ്ട് നമ്പർ/ അനുവദിച്ച തുക ₹ | അപാകങ്ങൾ | തുക ഉൾപ്പെടുന്ന ബിൽ നമ്പർ. |
|---|---|---|---|---|
| 1 | സൂരജ്.കെ | 67350382083/ ₹20000 | പഠനം നടത്തിയ കോഴ്സിന്റെ വിവരം സ്ഥാപന | 22190152024700877434/ 7.12.2022/₹8,90,000. |

| | | | | |
|---|---|---|---|---|
| | | | മേധാവിയുടെ സാക്ഷ്യപത്രം സഹിതം ഹാജരാക്കിയിട്ടില്ല. | |
| 2 | മേഘ ഗണേഷ്. (റേഷൻകാർഡ് നമ്പർ.2366118955)<br>ഗോപിക.കെ (റേഷൻ കാർഡ് നമ്പർ.2366042178) | 67280366273/ ₹30000<br>36998793869/ ₹20000. | രണ്ട് വിദ്യാർത്ഥികളും അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻ കാർഡ് കല്യാശ്ശേരി ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ടതാണ്. മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്നവർക്ക് ആനുകൂല്യം അനുവദിച്ചതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല. | 22190152024700560950/ 20.9.2022/₹275000. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/2022-23/13.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 70000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

ക്രമനമ്പർ 1-ലെ പരാമർശത്തിന് പഠനം നടത്തിയ കോഴ്സിന്റെ വിവരം ഉൾപ്പെടുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രവും, ക്രമനമ്പർ 2-ലെ പരാമർശത്തിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് പ്രസ്തുത ആനുകൂല്യം അനുവദിച്ചിട്ടില്ല എന്ന സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രവും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 ആട് വളർത്തൽ-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സീനിയർ വെറ്റിനറി സർജൻ. |
| പ്രോജക്ട് നമ്പർ, പേര് | 114/23, ആട് വളർത്തൽ. |
| അടങ്കൽ ₹600000 | ₹300000(വികസന ഫണ്ട് -ജനറൽ)<br>₹300000(ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്) |
| ചെലവ് ₹600000 | ₹300000(വികസന ഫണ്ട് -ജനറൽ)<br>₹300000 (ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത്) |

| | |
|---|---|
| ബിൽ നം/തീയതി/തുക. | (1)22190152011800978669/30.12.2022/₹40000.<br>(2)22190152011800999826/5.1.2023/₹90000.<br>(3)22190152011801088706/25.1.2023/₹100000.<br>(4)22190152011801353370/15.3.2023/₹70000. |

മേൽ പദ്ധതിപ്രകാരം 6-8 മാസം പ്രായമുള്ള 2വീതം പെണ്ണാടുകളെ വാങ്ങാൻ ധനസഹായം നൽകുന്നു. ആടൊന്നിന് 10000രൂപ (10000X2=20000). 50% സബ്സിഡിയിനത്തിൽ ആടിനെ വിൽക്കുന്ന ആളിന്റെ ബാങ്ക് അക്കൗണ്ടിൽ 10000രൂപ വീതം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ആടിനെ വിറ്റ ആളിന്റെ പേര്/ ബാങ്ക് അക്കൗണ്ട് നമ്പർ/ അനുവദിച്ച തുക ₹ | അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ കണ്ട അപാകങ്ങൾ | തുക ഉൾപ്പെടുന്ന ബിൽ നമ്പർ. |
|---|---|---|---|---|
| 1.<br>2. | റഹ്ന.വി<br>സെക്കീന.വി | മുബഷീർ.കെ/ 6894783498/20000 | ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട രണ്ട് പേർക്ക് ആനുകൂല്യം അനുവദിച്ചു. (റേഷൻ കാർഡ് നമ്പർ - 2366139134) | 22190152011800999826/ 5.1.2023/₹90000. |
| 3.<br>4. | ടി.വി.അലീമ.<br>ടി.വി.ഇല്യാസ്. | സഫീർ.ടി.എം.പി/ 11270100355532/ 20000 | ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട രണ്ട് പേർക്ക് ആനുകൂല്യം അനുവദിച്ചു. (റേഷൻ കാർഡ് നമ്പർ – 2366077192) | 22190152011801088706/ 25.1.2023/₹100000. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.13/10.11.2023) റഹ്ന.വി എന്നവരുടെ കുടുംബവും, അവരുടെ അമ്മയായ സക്കീന.വി. എന്നവരുടെ കുടുംബം വേറെ വേറെ കുടുംബങ്ങളായി താമസിക്കുന്നവരാണ് എന്നും രഹ്ന.വി.എന്നവർക്ക് റേഷൻ കാർഡ് ലഭിച്ചിട്ടില്ല എന്നുമുള്ള വാർഡ് മെമ്പറുടെ സാക്ഷ്യപത്രവും, ടി.വി.ഇല്യാസ് എന്നവരുടെ കുടുംബവും, അവരുടെ അമ്മയായ ടി.വി. അലീമ എന്നവരുടെ കുടുംബം വേറെ വേറെ കുടുംബങ്ങളായി താമസിക്കുന്നവരാണ് എന്നും ടി.വി.ഇല്യാസ് എന്നവർക്ക് റേഷൻ കാർഡ് ലഭിച്ചിട്ടില്ല എന്നുമുള്ള ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന്റെ സാക്ഷ്യപത്രവുമാണ് സമർപ്പിച്ചിട്ടുള്ളത്.
പ്രസ്തുത മറുപടിയിൽ സക്കീന.വി, ടി.വി.ഇല്യാസ് എന്നിവർ താമസിക്കുന്ന കെട്ടിടങ്ങളുടെ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിട നമ്പറുകൾ അറിയിക്കേണ്ടതും സമാന അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-38 ഗോബർധൻ - ബയോഗ്യാസ് പ്ലാന്റ് നിഷ്ക്രിയമായി തുടരുന്നു.

ഉരുത്തി മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനായുള്ള പ്രോജക്ട് 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിരുന്നു. വിവിധ വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു (വയറിംഗ് ഉൾപ്പെടെ ആകെ ചെലവ് 29,05,736 ലക്ഷം രൂപ)

| വർഷം | ചെലവ് |
|---|---|
| 2017-18 | 10,00,000(പ്രോജക്ട് നമ്പർ 118/18) |
| 2018-19 | 53,100(പ്രോജക്ട് നമ്പർ 157/19-വയറിംഗ്) |
| 2018-19 | 10,00,000(പ്രോജക്ട് നമ്പർ 112/19) |
| 2018-19 | 5,25,000(പ്രോജക്ട് നമ്പർ 158/19 |
| 2019-20 | 1,60,000(പ്രോജക്ട് നമ്പർ 110/2020, വയറിംഗ്) |
| 2019-20 | 1,67,636(പ്രോജക്ട് നമ്പർ 107/2020) |
| | 26,92,636+213100(വയറിംഗ്)= 29,05,736രൂ |

പദ്ധതി ലക്ഷ്യം

ഗ്രാമപഞ്ചായത്ത് പരിധിയിലെ ജൈവമാലിന്യ സംസ്കരണവും ബയോഗ്യാസ് നിർമ്മാണവും ഉപോല്പന്നമായി ദ്രാവകമിശ്രിത രൂപത്തിലുള്ള ജൈവവളവും നിർമ്മിക്കുകയാണ് പദ്ധതി ലക്ഷ്യം. ജൈവവളം കൃഷി ഭവന്റെ കീഴിലുള്ള ഇക്കോഷോപ്പ് വഴി വില്പന നടത്താനും ബയോഗ്യാസ് ഇതേ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന റെന്ററിംഗ് പ്ലാന്റിനുള്ള ഇന്ധനമായി നല്കി അതുവഴി വരുമാനം ഉണ്ടാക്കുന്നതിനും സർവ്വോപരി 3 പേർക്ക് നേരിട്ടും ഹരിതകർമ്മസേനാംഗങ്ങൾക്ക് പരോക്ഷമായും വരുമാനം ഉറപ്പ് വരുത്തുക എന്നതും പദ്ധതി ലക്ഷ്യങ്ങളാണ്.

സാങ്കേതികാനുമതി

ശുചിത്വമിഷന്റെ 04.02.2019 ലെ 947/സി1/2013/എസ് എം നമ്പർ ഉത്തരവ് പ്രകാരം പ്രതിദിനം 1000കി ഗ്രാം ജൈവമാലിന്യങ്ങൾ സംസ്കരിക്കാൻ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് സാങ്കേതികാനുമതി പുതുക്കി നല്കിയിട്ടുണ്ട് (സാങ്കേതികാനുമതി തുക 36 ലക്ഷം രൂപ). (2016 ലെ ഡി എസ് ആർ ൽ 1.3824 % കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയും കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കിയും ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയുമാണ് സാങ്കേതികാനുമതി തുക കണക്കാക്കിയിട്ടുള്ളത്.) ശുചിത്വമിഷൻ അംഗീകാരമുള്ള അക്രഡിറ്റഡ് ഏജൻസി വഴിയാണ് നിർവ്വഹണം നടത്തേണ്ടത്.

സാമ്പത്തിക സ്രോതസ്സ്

ശുചിത്വ മിഷൻ വിഹിതം 20 ലക്ഷം രൂപ , ഗ്രാമപഞ്ചായത്ത് വിഹിതം 16 ലക്ഷം രൂപ ആകെ 36 ലക്ഷം.

ഡി പി ആർ

ഗോബർധൻ സ്കീമിൽ ഉൾപ്പെടുത്തിയാണ് പദ്ധതി പൂർത്തിയാക്കിയത്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന ജൈവമാലിന്യങ്ങളും ചാണകവും ഇതിനായി വാങ്ങിയ ഗുഡ്സ് ഓട്ടോയിൽ പ്ലാന്റിൽ എത്തിക്കുവാനും ഹരിതകർമ്മസേന ശേഖരിക്കുന്ന യൂസർഫീസ് ഉപയോഗപ്പെടുത്തി വേതനം നല്കാനുമാണ് ഉദ്ദേശിച്ചിരുന്നത്.

ഡി പി ആർ പ്രകാരമുള്ള വരവ് ചെലവുകൾ

| വരവിനം | തുക(പ്രതിദിനം) | ചെലവിനം | തുക (പ്രതിദിനം) |
|---|---|---|---|
| മിശ്രിത വളം വില്പന | 135 | ഡ്രൈവറടക്കം 3 തൊഴിലാളികൾക്ക് @300 | 900 |
| ഗ്യാസ് വില്പന | 200 | വാഹനച്ചെലവ് | 300 |
| യൂസർ ഫീസ് | 1000 | ഇലക്ട്രിസിറ്റി ചാർജ്ജ് | 100 |
| | ₹1335 | | ₹1300 |

മോണിറ്ററിംഗ് സമിതി

ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, സി ഡി എസ് ചെയർപേഴ്സൻ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരടങ്ങുന്ന കമ്മിറ്റി മാസത്തിൽ കുറഞ്ഞത് രണ്ടു തവണ യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തണമെന്നും ഡി പി ആർ ൽ നിർദ്ദേശമുണ്ട്.

നിർവ്വഹണ ഏജൻസി

സോഷ്യോ ഇക്കണോമിക് യൂനിറ്റ് ഫൗണ്ടേഷൻ എന്ന അക്രഡിറ്റഡ് ഏജൻസി വഴിയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. 11.01.2018 തീയതിയിൽ പ്രോഗ്രാം ഓഫീസറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ കരാറിലേർപ്പെട്ടിട്ടുണ്ട്. പൂർത്തീകരണ കാലാവധി 6 മാസം. നിർമ്മാണം പൂർത്തിയാക്കിയതിനു ശേഷം 6 മാസം നിർവ്വഹണ ഏജൻസി പ്ലാന്റിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യണമെന്നും അതിനു ശേഷം രണ്ടു മാസം ട്രയൽ റൺ നടത്താനും 6 മാസം ടെക്നിക്കൽ കൺസൽട്ടൻസിയായി പ്രവർത്തിക്കുവാനും കരാറിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ കാലയളവിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന രണ്ടോ മൂന്നോ പേർക്ക് ട്രെയിനിംഗ് നല്കി പ്ലാന്റിന്റെ പ്രവർത്തനം കൃത്യമായി മനസ്സിലാക്കിയിരിക്കണം.

നിർമ്മാണം പൂർത്തിയാക്കി ഒരു വർഷത്തിനകം വരുന്ന തകരാറുകൾ പരിഹരിച്ച് നല്കാനും ഏജൻസിക്ക് ബാധ്യതയുണ്ട്.

യന്ത്രോപകരണങ്ങൾ

പ്ലാന്റ് നിർമ്മാണത്തിന്റെ ഭാഗമായി താഴെ പറയുന്ന യന്ത്രോപകരണങ്ങൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.

| ഇനം | തുക |
|---|---|

| | |
|---|---|
| 1.5 എച്ച് പി മോട്ടോർ, അനുബന്ധ ഉപകരണങ്ങൾ | 23625 |
| എയർ കമ്പ്രസർ (2 എച്ച് പി വിത്ത് കൺട്രോൾ വാൽവ്) | 29500 |
| ഇൻസ്റ്റലേഷൻ കോസ്റ്റ് | 10000 |
| സോളാർ വാട്ടർ ഹീറ്റർ(100ലിറ്റർ കപ്പാസിറ്റി വിത്ത് 1000ലിറ്റർ വാട്ടർ ടാങ്ക്) | 31500 |
| ബയോമാസ് ഗ്രൈൻഡർ 7.5 എച്ച് പി , എസ് എസ് ട്രേ | 5,77,500 |

പ്ലാന്റിന്റെ നിലവിലെ അവസ്ഥ

2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നില്ല എന്ന് വ്യക്തമായി. സ്ഥാപിച്ച യന്ത്രോപകരണങ്ങൾ തുരുമ്പെടുക്കാൻ തുടങ്ങിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മറുപടി

